# കണ്ണശ്ശരാമായണം

## (ബാലകാണ്ഡം)

Library IIAS, Shimla
PH 801.954 83 V 42 K
00050714

(Malayalam)

**Kannassaramayanam**

Poem

BY R. S. VARMAJI
St. Thomas College, Palai

First Published July 1968,
Reprinted November 1968, March 1970, July 1971
PRINTED AT SREETHILAKAM PRESS, KOTTAYAM
Price Rs. 1-50

Rights Reserved

Published by R. S. Varmaji
Distributors:
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM-TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

PH 801.95483 V42K
INDIAN INSTITUTE OF ADVANCED STUDY
Acc. No. 50714
Date 9-9-75
SIMLA

# കണ്ണശ്ശരാമായണം

ആമുഖവും ടിപ്പണവും

ആർ. എസ്. വർമ്മജി

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.50

## ആർ. എസ്. വർമ്മജിയുടെ

## കൃതികൾ

മുഖച്ഛായകൾ

ദുഃഖപുഷ്പങ്ങൾ

രാമായണകഥാപാത്രങ്ങൾ

കണ്ണശ്ശരാമായണം (വ്യാഖ്യാനം)

ബ്രഹ്മാണ്ഡപുരാണം ,,

5-1500

# ആമുഖം

തിരുവല്ലാാസ്സുട്ടത്തു് നിരണം എന്നൊരു സ്ഥലമുണ്ടു്. അവിടെ അതിപുരാതനമായ ഒരു ക്ഷേത്രം സ്ഥിതിചെയ്യുന്നു. അതാണു് പ്രസിദ്ധമായ തൃക്കപാലീശ്വരക്ഷേത്രം. ഇതിനടുത്താണു് രാമായണകർത്താവായ രാമൻ ജീവിച്ചിരുന്നതു്. അദ്ദേഹം താമസിച്ചിരുന്നതു് എന്നു വിശ്വസിക്കപ്പെടുന്ന ഒരു പുരയിടം ഇന്നും കണ്ണശ്ശൻപറമ്പു് എന്നറിയപ്പെടുന്നു. കണ്ണശ്ശൻ എന്നും രാമപ്പണിക്കർ എന്നും ചില ആളുകൾ പ്രസ്തുത കവിയെത്തന്നെയാണു് അനുസ്മരിക്കുന്നതു്. കവിയെക്കുറിച്ചു നമുക്കിന്നു ലഭിക്കുന്ന വിവരങ്ങൾ രാമായണം യുദ്ധകാണ്ഡത്തിന്റേയും ഉത്തരകാണ്ഡത്തിന്റേയും അവസാനം കാണുന്ന ചില പദ്യങ്ങളിൽനിന്നാണു്.

ഉത്തരകാണ്ഡാവസാനം കാണുന്ന ഭാഗം പരിശോധിക്കാം:

''വാനലകിനു സമമാകിയ നിരണ-
  മഹാദേശേ വന്നുളനായാൻ
ഊനമില്ലാത മഹാഗുരുവരനാ-
  യുഭയകവീശ്വരനായ മഹാത്മാ
മാനിതനാകിയ കരുണേശൻ പര
  മാത്മാവേ താനെന്നറിവുറേറ
ദീനത വാരാതേ മറേറാരോ
  ദേഹികളെപ്പോൽ വാണ്ണാൻ പലനാൾ.
ആനവനിരുവർ തനൂജന്മാരുളരായ-
  വരുടെ സോദരിമാരായ്
മാനിനിമാരൊരു മൂവർ പിറന്നാർ
  മററുകാലമവൻ തിരുവടിയും
താനുടനേ തന്നുടലൊടു വേറായ്ത്തനിയേ
  പരമാത്മാവേയായാൻ.
ആനവനോടെതിരായ് വിദ്യാധിപരായാർ
  പുനരവനുടെ തനയന്മാർ

തനയന്മാരാമവരിരുവക്കു സഹോദരിമാർ
 മൂവക്കും മകനായ്
അനുപമരായവർ മൂവരിലിളയവളാകിയ
 മാനിനി പെററുളനായാൻ
ഇനിയ മഹാദേവാജ്ഞയിനാലേ-
 യിതമൊട്ടുപാലകനാകിയ രാമൻ
പുനരവനും നിജ പാപം കളവാൻ
 പുരുഷോത്തമകഥ ചൊൽക തുനിഞ്ഞാൻ.''

ഇതിൽനിന്നു മനസ്സിലാക്കാവുന്ന കുറെ കാര്യങ്ങളാണു് കവിതയെക്കുറിച്ചു നമുക്കിന്നറിയാവുന്നതു്. നിരണം എന്ന സ്ഥലത്തു് ഉഭയകവീശ്വരനായ ഒരു മഹാനുഭാവൻ ജനിച്ചു. അദ്ദേഹത്തിനു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായി. പുത്രന്മാർ അദ്ദേഹത്തെപ്പോലെതന്നെ സമത്ഥന്മാരായിരുന്നു. ഇളയ പുത്രിയുടെ മകനായ രാമൻ മഹാദേവാജ്ഞയാൽ പാപപരിഹാരാത്ഥം രാമകഥ ചൊല്ലുന്നു. യുദ്ധകാണ്ഡത്തിന്റെ അവസാനം കാണുന്ന ഒരുപദ്യത്തിൽ ഇതേ കാര്യംതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. 'അവനിയിൽ നന്മ ചേർ നിരണം തനിക്കൊരു ദീപമായ് വന്നവതരണം ചെയ്യാൻ കരുണേശനാകിയ ദേശികൻ;' അതുപോലെതന്നെ വന്നു പിറന്ന പുത്രന്മാക്കു് മരുമകനായി രാമൻ എന്ന ബാലനും ഉണ്ടായി.

ഇത്രയും കാര്യങ്ങരം മാത്രമേ വാസ്തവത്തിൽ അറിയാൻ കഴിയൂ. ഐതിഹ്യങ്ങളേയും ഊഹാപോഹങ്ങളേയും അടിസ്ഥാനമാക്കി സാഹിത്യചരിത്രകാരന്മാരും ഭാഷാപണ്ഡിതന്മാരും അവരവരുടെ മനോധമ്മംപോലെ ഒട്ടധികം അഭിപ്രായങ്ങരം പുറപ്പെടുവിച്ചിട്ടുണ്ടു്. അവയെല്ലാം വിസ്തരിച്ചുപരിശോധിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും പ്രധാനപ്പെട്ട വാദമുഖങ്ങരം ഏതെല്ലാമെന്നു നോക്കാം.

## കരുണേശൻ

രാമായണകത്താവായ രാമൻ ഉഭയകവീശ്വരനായ മുത്തച്ഛനേയും പണ്ഡിതന്മാരായ രണ്ടു് അമ്മാവന്മാരേയും

അനുസ്മരിക്കുന്നുണ്ട്. ആരാണവർ? ഉഭയകവീശ്വരൻ എന്നു പറഞ്ഞാൽ രണ്ടു ഭാഷയിൽ കവനംചെയ്യുന്നവൻ എന്നാണല്ലോ. ആരണ്ടു ഭാഷ ഏതെല്ലാമാണ്? കവീശ്വരൻെറ പേരെന്താണ്? ഈ ചോദ്യങ്ങൾക്കെല്ലാം എല്ലാവരും സ്വീകരിക്കുന്ന ഉത്തരം നല്കാൻ ബുദ്ധിമുട്ടുണ്ട്. സാഹിത്യ ചരിത്രകാരന്മാർ വിഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. സംസ്കൃതത്തിലും ഭാഷയിലും കവിത എഴുതുന്നയാൾ എന്നും ഭാഷാമിശ്രത്തിലും ഭാഷയിലും കാവ്യരചനചെയ്യുന്നയാൾ എന്നും ഉഭയകവീശ്വരശബ്ദം വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ഉഭയകവീശ്വരൻെറ പേർ, കരുണേശൻ എന്നാണ് എന്നൊരു പക്ഷം. കണ്ണൻ എന്നോ കൃഷ്ണൻ എന്നോ ആയിരിക്കണം പേരെന്നും 'കണ്ണ'ശബ്ദം കരുണേശനായി മാറിയിരിക്കണമെന്നും മറെറാരു മതം. കണ്ണൻ—കണ്ണശ്ശൻ—കരുണേശൻ എന്നിങ്ങനെയാണ് അതിൻെറ രൂപാന്തരപ്രാപ്തി; മഹാകവി ഉള്ളൂർ, ആർ. നാരായണപ്പണിക്കർ, ആററൂർ കൃഷ്ണപ്പിഷാരടി, വി. കൃഷ്ണൻനമ്പൂതിരി തുടങ്ങിയവരെല്ലാം വലിയ അഭിപ്രായഭേദംകൂടാതെ ഇതംഗീകരിക്കുന്നു. അതായത് ഉഭയകവീശ്വരനായ മഹാത്മാവാണ് കരുണേശൻ എന്നു സൂചിപ്പിക്കപ്പെട്ടിരിക്കുന്ന കണ്ണശ്ശൻ. അദ്ദേഹത്തിൻെറ കൃതികൾ ഒന്നും ലഭിച്ചിട്ടില്ല. 'കരുണേശ'ശബ്ദം ഒരു പ്രയോഗവിശേഷമാണെന്നും വിഷ്ണുവിനെക്കുറിക്കുന്നു എന്നും മററുമുള്ള വാദങ്ങൾക്ക് ഇന്നു വിലയില്ലാതായിട്ടുണ്ട്.

## മൂന്നു ഭാഷാകവികൾ

ഇനിയും രാമൻ സ്മരിക്കുന്ന രണ്ടു പണ്ഡിതന്മാരുണ്ടല്ലോ—അവരാരായിരിക്കാം എന്ന ചോദ്യമാണുള്ളത്. കവിതാരീതി, ഭാഷാസമ്പ്രദായം, വൃത്തവിശേഷം എന്നീ കാര്യങ്ങളിലെല്ലാം രാമായണത്തോടു സാദൃശ്യമുള്ള രണ്ടു കൃതികൾ ലഭിച്ചിട്ടുണ്ട്, ഭാഷാഭഗവദ്ഗീതയും ഭാരതമാലയും. അതിൽ ഭഗവദ്ഗീതയുടെ അവസാനം ''അതിബാലൻ മാധവനാമം ചേരഹമിതു സംക്ഷേപിച്ചുരചെയ്തേൻ'' എന്നും ''മലയിൻകീഴ്തിരുവല്ലഭനരുളാലേ തെളിവൊടു

മാധവനഹമിടർ കളവാൻ'' രചിച്ചതാണ് ആ കൃതി എന്നും പറഞ്ഞിട്ടുണ്ട്. മലയൻകീഴ് തിരുവനന്തപുരത്തിനടുത്തുള്ള ഒരു സ്ഥലമാണ്. തിരുവല്ലഭഭക്തനായ ഒരു മാധവനാണു കവി. ഇതിൽക്കൂടുതലൊന്നും അറിയാൻ വഴിയില്ല. ഭാരതമാലയുടെ അന്ത്യഭാഗത്ത് 'മഹാഭാരതകഥ ശങ്കരനമ്പൊട്ട' പറയുന്നതാണെന്നു കാണുന്നു. ഭാരതമാലയുടെ ഏതോ ഒരു പ്രതിയിൽ ''ഇതി വെള്ളാങ്ങല്ലൂർ ശങ്കരവിരചിതായാം ഭാരതമാലായാം'' എന്നും കാണുന്നുണ്ട്. ഭാരതമാലാകാരനായ വെള്ളാങ്ങല്ലൂർ ശങ്കരനും ഭഗവദ്ഗീതാകാരനായ മലയിൻകീഴ് മാധവനും രാമന്റെ അമ്മാവന്മാരാണ് എന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നു. അതു വിശ്വസിക്കുവാൻ വേണ്ട തെളിവുകൾ ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു എന്നുമാത്രം പറയട്ടെ.

നിരണംരാമന്റെ അമ്മാവനാണ് മലയിൻകീഴ് മാധവനെന്ന് ഊഹിച്ച് ഉറപ്പിച്ചശേഷം നിരണവും മലയിൻകീഴുമായി ബന്ധപ്പെടുത്താനുള്ള ശ്രമം രസാവഹമാണ്. ഐതിഹ്യങ്ങളുടേയും കെട്ടുകഥകളുടേയും ചുവടുപിടിച്ച് ഉള്ളൂർ, ആർ. നാരായണപ്പണിക്കർ, സാംബശിവശാസ്ത്രികൾ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, വി. കൃഷ്ണൻനമ്പൂതിരി, കെ. ഇ. നാരായണപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള തുടങ്ങിയ സ്മരണീയവ്യക്തികൾ നടത്തിയ ഗവേഷണങ്ങളും, പുറപ്പെടുവിച്ചിട്ടുള്ള വാദമുഖങ്ങളും വളരെയുണ്ട്. 'രാമ'നെ രാമപ്പണിക്കരാക്കി, ക്ഷേത്രം കഴകക്കാരനാക്കുന്നതും പത്തില്ലത്തിൽ പോററിമാരുടെ ദാസനാക്കുന്നതും മററും പഴയ സമ്പ്രദായങ്ങൾക്കുമാത്രം ചേരുന്നതാണ്; അതായത്, ഏതു നല്ലകാര്യത്തിനും മേലധികാരം ബ്രാഹ്മണർക്കാണ് എന്നുള്ള വിശ്വാസത്തിനുമാത്രം നിരക്കുന്നതു്. ബ്രാഹ്മണസേവകൊണ്ടും ക്ഷേത്രത്തിലെ കഴകപ്പണികൊണ്ടും അല്ലാതെ ഒരാൾക്ക് സംസ്കൃതസാഹിത്യവുമായി, വാല്മീകിയുടെ കാവ്യപ്രപഞ്ചവുമായി, ബന്ധപ്പെടാൻ ഇടയാവുമെന്നു വിശ്വസിക്കാൻ വിഷമമുള്ള ഒരു കാലമുണ്ടായിരുന്നു. അതു കഴിഞ്ഞുപോയി. കണ്ണശ്ശന്റെ മൂലകുടുംബം മലയൻകീഴോ നിരണമോ എന്ന തർക്കവും തെളിവുകളുടെ ബല

ത്തിലല്ല, കൊണ്ടുവന്നിട്ടുള്ളത്. ഇപ്പറഞ്ഞ മൂന്നു കവികളേയും ഒരു വീട്ടുകാരും നാട്ടുകാരും ആക്കാനുള്ള ശ്രമത്തിന് ഇന്നുള്ളവർ വലിയ പ്രാധാന്യം കല്പിക്കുന്നില്ല. പ്രഫസർ ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെട്ടതുപോലെ ഇവരുടെ പരസ്പരബന്ധം വിശ്വസിക്കുന്നതിനു തക്ക തെളിവുകൾ ഇല്ല എന്നു പറഞ്ഞാൽ മതിയല്ലോ പാട്ട് എന്ന സാഹിത്യപ്രസ്ഥാനത്തിൽ സ്വച്ഛന്ദം വിഹരിച്ച് വിസ്മയാവഹമായ വിജയം നേടിയ നിരണം രാമൻ, മലയിൻകീഴ് മാധവൻ, വെള്ളാങ്ങല്ലൂർ ശങ്കരൻ എന്നീ ഭാഷാകവികൾ അത്തരത്തിൽ അനുസ്മരിക്കപ്പെടുന്നതാണ് ഉത്തമമെന്നു തോന്നുന്നു.

## കാലം

രാമകവിയുടെ മുത്തശ്ശനാണ് കണ്ണശ്ശൻ. എന്നിരുന്നാലും രാമായണകർത്താവായ രാമനാണ് ഇന്ന് ആ പേരിൽ അറിയപ്പെടുന്നത്. ടാഗോർ എന്നു പറഞ്ഞാൽ ഗീതാഞ്ജലീകർത്താവായ രവീന്ദ്രനാഥടാഗോറിനെയാണല്ലോ നാം ഓർക്കുക, അനേകം ടാഗോർമാരുണ്ടെങ്കിലും. അതുപോലെ കണ്ണശ്ശൻ എന്നു പറഞ്ഞാൽ രാമൻ എന്നേ ധരിക്കു. രാമന്റെ കാവ്യം കണ്ണശ്ശരാമായണവും. രാമന്റെ ഇതരകൃതികൾ ഭാഗവതംപാട്ട്, ഭാരതംപാട്ട്, ശിവരാത്രിമാഹാത്മ്യം എന്നിവയാണ്. ഈ കൃതികളിൽനിന്നു ലഭിക്കുന്ന സൂചനകളിൽനിന്നും അതു വ്യക്തമാകുന്നു. ഗുരുഗീത, ബ്രഹ്മാണ്ഡപുരാണം എന്നീകൃതികൾ രാമന്റേതാണ് എന്നഭിപ്രായമുള്ളവരും ഇല്ലാത്തവരുമുണ്ട്. ഏതായാലും തർക്കംകൂടാതെ സ്വീകരിക്കാവുന്ന കൃതികൾതന്നെ എക്കാലത്തും നിലനില്ക്കത്തക്ക സാഹിത്യഗുണം ഉൾക്കൊള്ളുന്നവയാണ്. ഇതരകൃതികളുടെ എണ്ണം കൂട്ടുന്നതിൽ കാര്യമൊന്നും ഇല്ല.

ഈ കവി ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ച് കാര്യമായ അഭിപ്രായഭേദമൊന്നും ഇല്ല. കൊല്ലം ആറാം ശതകം എന്നാണ് മിക്ക പണ്ഡിതന്മാരുടേയും പക്ഷം. വ്യക്തിത്വം കാണിക്കാനായി അല്പസ്വല്പം വ്യത്യാസം വരുത്തിയിട്ടുണ്ട്!

| | | |
|---|---|---|
| ഉള്ളൂർ മഹാകവി | — | 525—625 |
| ആർ. നാരായണപ്പണിക്കർ | — | 550—650 |
| കെ. സാംബശിവശാസ്ത്രികരം | — | എഴുത്തച്ഛനുമുമ്പ് |
| കെ. ഇ. നാരായണപിള്ള | — | 550—600 |
| വി. കൃഷ്ണൻനമ്പൂതിരി | — | ആറാം ശതകം |
| വെണ്ണിക്കുളം | — | 540—650 |

എഴുത്തച്ഛനു മുമ്പാണ് ജീവിച്ചിരുന്നത് എന്നുള്ളതിൽ ആർക്കും എതിരഭിപ്രായമില്ല. ലീലാതിലകത്തിനുശേഷം എന്നതിൽ ചിലർക്ക് 'ചില്ലറ അഭിപ്രായവ്യത്യാസങ്ങരം' ഇല്ലാതില്ല! കൃത്യമായി തീയതി അറിയാൻ മാർഗ്ഗമില്ലാത്തതിനാൽ, കൊല്ലവർഷം ആറാംശതകത്തിൻെറ ഉത്തരാർദ്ധമായിരിക്കും ജീവിതകാലം എന്നു കരുതാം.

## കണ്ണശ്ശരാമായണം
## ഒരൊന്നാന്തരം ഭാഷാകാവ്യം

മദ്ധ്യകാലമലയാളകൃതികളുടെ കൂട്ടത്തിൽ കണ്ണശ്ശരാമായണംപോലെ വിശിഷ്ടമായ മറെറാരു കൃതിയില്ല. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ പറഞ്ഞിട്ടുള്ളതുപോലെ, ''ആ ഗ്രന്ഥം ആദ്യന്തം അമൃതമയമാണ്; അതിൽ ഓരോ ശീലിലും കാണുന്ന ശബ്ദസുഖവും അർത്ഥചമത്കാരവും ഏതു സഹൃദയനേയും ആനന്ദപരവശനാക്കുകതന്നെ ചെയ്യും.'' പൊതുവേ പറഞ്ഞാൽ വാല്മീകിരാമായണത്തെ പിൻതുടരുന്ന, അനുകരിക്കുന്ന, ഒന്നാണ് കണ്ണശ്ശരാമായണം. എങ്കിലും പരിഭാഷയിൽ അഭിനന്ദനീയങ്ങളായ പല സ്വാതന്ത്ര്യങ്ങളും കാട്ടിയിട്ടുണ്ട്. മൂലകഥ കഴിയുന്നത്ര ചുരുക്കുന്നതിലും കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിനു കോട്ടംതട്ടാതെ ചിത്രീകരിക്കുന്നതിലും കവി കാണിച്ചിട്ടുള്ള നൈപുണി ശ്രദ്ധേയമാണ്. വല്മീകിരാമായണം ബാലകാണ്ഡത്തിൽ 77 സർഗ്ഗങ്ങളിലായി 2231 ശ്ലോകമുണ്ട്. കണ്ണശ്ശൻ അതു് 326 പാട്ടുകളിലായി ഒതുക്കിപ്പറഞ്ഞിരിക്കുന്നു. മൂലത്തിലെ ആശയങ്ങരം രസപുഷ്ടിക്കുവേണ്ടി സങ്കോചിപ്പിക്കുകയോ വികസിപ്പിക്കുക

യോ ചെയ്യണമെന്നു തോന്നിയാൽ രാമൻ അതിനൊട്ടും മ
ടി കാണിക്കില്ല.

വാല്മീകിരാമായണത്തിൽ ആദികവിയുടെ ചോദ്യത്തിനുത്തരമായി രാമകഥ മുഴുവനും നാരദൻ ചുരുക്കിപ്പറയുന്നുണ്ടു്. രാമനാകട്ടെ. 'അവനുടെ ചരിതം സംക്ഷേപിച്ചു രചെയ്താൻ മുനിവൻ' എന്നു ചുരുക്കിപ്പറഞ്ഞിരിക്കുന്നു. രാമകഥ മുഴുവനും വിസ്തരിച്ചു പറയുന്നതിനുമുമ്പു് കഥാസംഗ്രഹം ആവശ്യമില്ലെന്നാണു് കണ്ണശ്ശന്റെ അഭിപ്രായമെന്നു തോന്നുന്നു. നൂറു ശ്ലോകമുള്ള ഒന്നാം സർഗ്ഗം മുഴുവനും ഒരു പാട്ടുകൊണ്ടു് സാധിച്ചിരിക്കുകയാണിവിടെ. അതുകൊണ്ടു് മൂലകൃതിയുടെ കാവ്യഗുണം ഭാഷാകാവ്യത്തിൽ കുറയുന്നില്ലതാനും, താടകയുടെ വധത്തിൽ സന്തോഷിച്ചു വിശ്വാമിത്രൻ ദിവ്യാസ്ത്രങ്ങളുപദേശിക്കുന്ന ഭാഗം മൂലകൃതിയിൽ സാമാന്യം വിസ്തരിക്കുന്നുണ്ടു്. അസ്ത്രങ്ങളുടെ എല്ലാം പട്ടിക നൽകുന്നതുകൊണ്ടു് പ്രത്യേകിച്ചു് ഒരു ഗുണം കാണാഞ്ഞിട്ടാകണം ഇവിടെ അതുപേക്ഷിച്ചിരിക്കുന്നതു്. (കൂടുതൽ ഉദാഹരണങ്ങൾക്കു ടിപ്പണം നോക്കുക.)

കണ്ണശ്ശൻ പൊതുവേ വാല്മീകിയെ പിൻതുടരുക മാത്രമാണു ചെയ്യുന്നതെന്നു സൂചിപ്പിച്ചുവല്ലോ. ആദ്യകാവ്യത്തിൽ നിന്നു വരുത്തിയതായി കാണുന്ന വ്യതിയാനങ്ങളിൽ പലതും കവിയുടെ ഔചിത്യവിചാരത്തെ ചൂണ്ടിക്കാട്ടുന്നു എന്നു കാണാം.

ദശരഥൻ യാഗം നടത്തുമ്പോൾ ഹവിർഭാഗം സ്വീകരിക്കാനെത്തിയ ദേവന്മാർ അവിടെ വന്നുചേർന്ന വിഷ്ണുവിനോടു് രാവണനെക്കൊണ്ടുള്ള ഉപദ്രവങ്ങളിൽ നിന്നു രക്ഷിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു മൂലത്തിൽ. കണ്ണശ്ശരാമായണത്തിൽ ദേവന്മാർ പാലാഴിയിൽ ചെന്നു സങ്കടമുണർത്തുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ആവശ്യക്കാരൻ ആ സ്ഥാനത്തു ചെന്നു പറയുന്നതും വഴിയിൽ വച്ചു പറയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടല്ലോ. ഇപ്രകാരമുള്ള പൊടിക്കൈകൾ മൂലം കാവ്യശോഭ വർദ്ധിച്ച രംഗങ്ങൾ വേറെയും കാണാം.

ദേവന്മാരുടെ അച്യുതസ്തുതി കവിയുടെ ഭക്തിപ്രകർഷ

ത്തിനു നല്ലൊരു ദൃഷ്ടാന്തമാണ്. വാല്മീകിരാമായണത്തിൽ ഈ സന്ദർഭത്തിൽ ഇങ്ങനെ ഒന്നു കാണാനില്ല. വിഷ്ണുവിന്റെ അവതാരങ്ങൾ എടുത്തെടുത്തു പറഞ്ഞു സ്തുതിക്കുന്ന പ്രസ്തുത ഭാഗം ഭക്തിലഹരികൊണ്ടും ശബ്ദമാധുരികൊണ്ടും ശ്രദ്ധേയമായിട്ടുണ്ട്:

''ആരാലും ചിന്തിച്ചാൽ അറിവാ–
നരുതാകിയ പരമാനന്ദാ! ജയ;
നാരായണ! കരുണാകര! ജയ ജയ;
നളിനദളായതലോചനനേ! ജയ;
താരാമകരംമണവാളാ! ജയ ജയ;
ധരണീവല്ലഭ! സകലേശാ! ജയ;
വാരാകരമതിൽനിന്നൊരു മീനായ്
മറകളെ മീണ്ട മഹാപുരുഷാ! ജയ.''

ഈ സ്തവകുസുമങ്ങളുടെ സൗരഭ്യം എക്കാലവും നിലനില്ക്കും എന്നേ പറയേണ്ടൂ. കവിയുടെ പദസ്വാധീനവും ഭക്തിയും വ്യക്തമാക്കുന്നതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നല്ലാവുന്നതേയുള്ളു:

''പരമേശാ! ജയ പന്നഗഭൂഷണ!
പർവ്വതരാജസുതാവല്ലഭ! ജയ!
പുരനാശന! ശിവശങ്കരനേ! ജയ!
പുണ്ഡരികാക്ഷ നമസ്കൃതനേ! ജയ!
കരുണാപരവശമാനസനേ! ജയ
കാലാന്തക! ദുരിതാപഹ! ജയ ജയ!
ഹര! ഗംഗാധര! ചന്ദ്രകലാധര!
ഹാടകശൈലവരായുധനേ! ജയ!

(180–ാം പാട്ട്)

തപസ്സനുഷ്ഠിക്കുന്ന വിശ്വാമിത്രന്റെ വകയായുള്ള ഈ സ്തോത്രവും കവിയുടെ സ്വന്തമാണ്.

''പ്രശംസനീയമായ ശബ്ദഭംഗിയും അർത്ഥചമത്കാരവുംകൊണ്ടു ഭാഷയിൽ ഏതുകാലത്തുമുണ്ടായിട്ടുള്ള ഒന്നാംതരം കൃതികളുടെ ഇടയിൽ ഒരു സ്ഥാനം കണ്ണശ്ശരാമായണത്തിനു സിദ്ധിച്ചിട്ടുണ്ട്.'' പ്രഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ ഈ പ്രസ്താവന വെറും വാസ്തവോക്തി മാത്രമാ

ണെന്നു് ഈ കൃതി വിളിച്ചോതുന്നു. രാമകവിയുടെ 'അപ്രതിഹതമായ പ്രതിഭാവിലാസവും അനുസ്യൂതമായ വാഗ്വൈഭവവും' സ്പഷ്ടമാക്കുന്ന ഭാഗങ്ങൾ സുന്ദരകാണ്ഡത്തിൽ കാണാവുന്നതുപോലെ ബാലകാണ്ഡത്തിൽ ഇല്ല. എന്നാലും 'മുളയിലെ കാണാം കരുത്തു്' എന്നു പറഞ്ഞതുപോലെ, ബാലകാണ്ഡവും കാവ്യസൗരഭ്യം നിറഞ്ഞു നില്ക്കുന്ന ഖണ്ഡംതന്നെയാണു്:

''അണഞ്ഞൊരു നീലമഹാമേഘംപോൽ
 അലറിയതീവഭയം വരുമാറേ
നിണം കലരും കുടൽമാലയണിന്തു
 നിലാവിലകം പിറപോൽ എകിറോടും
ഉണർന്തു ചിനത്തൊടു മായകൾ എല്ലാം
 ഉടൻ അവൾ ചെയ്തവയെയ്തുകൊടുത്തു,
വണങ്ങി മുനീന്ദ്രനെയവനരുളാലേ,
 മനുകുലനായകൻ അവളുയിർകൊണ്ടാൻ.''

നീലമഹാമേഘംപോലെ, അതീവഭയം വരുമാറു് അലറിപ്പാഞ്ഞു ചോരയൊലിക്കുന്ന കുടൽമാലയണിഞ്ഞും നിലാവു തിളങ്ങുന്ന ചന്ദ്രക്കലപോലെയുള്ള ദംഷ്ട്രകൾ പൂണ്ടും കോപത്തോടുകൂടി മായകളോരോന്നു കാട്ടിക്കൊണ്ടുവരുന്ന താടകയെ വിശ്വാമിത്രന്റെ ആജ്ഞയാൽ ശ്രീരാമൻ വധിക്കുന്നതാണു് ഈ പാട്ടിനു വിഷയം. പൂർവ്വഭാഗത്തു കാണുന്ന താടകയുടെ നഖചിത്രം കവിയുടെ കൽപ്പനാവൈഭവത്തിനു തെളിവായിട്ടെടുക്കാം:

''അരിയ ജലാശയമതിൽ നീരാടി-
 യനന്തരമേ പൂമ്പൊടിയുമണിഞ്ഞേ
പെരിയ സുഗന്ധവശാഗതരാകിയ
 ഭൃംഗമഹാഝങ്കാരത്തോടേ
പരപ്പൊരു വൻ മരമെല്ലെയിളക്കി
 വരുന്ന മഹാവനഗജസമനായേ
വിരവൊടു തെന്നൽ ഇയന്നഴകോടേ
 വിചീമുനിവരനു് അരികതുകാലം.''

വസന്തകാലത്തെ തെന്നലാണു് ഇവിടെ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. അരിയജലാശയത്തിൽ നീരാടി, പൂമ്പൊടി

യുമണിഞ്ഞ്, സുഗന്ധം കലന്ന്, വണ്ടുകളുടെ ഝങ്കാരത്തോടെ, കാട്ടിലെ മദയാനയെപ്പോലെ വരുന്ന തെന്നൽ നമ്മെത്തഴുകുംപോലെ അനുഭവപ്പെടുന്നു

ശൈവചാപഭംഗവൃത്താന്തമറിഞ്ഞു കോപാകലനായി വരുന്ന പരശുരാമനെ വർണ്ണിക്കുന്ന ഒരു പാട്ടുകൂടി ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കാം:

കണ്ട് ആകുലമോടേ കാലാഗ്നി
  കണത്തൊടെരിഞ്ഞുവരുന്നതിത് എന്നേ
കൊണ്ടാർ ചിലർ; ആദിത്യന്മാർ പലർ
  കൂടി വരുന്നതിത് എന്നാർ ചിലരോ;
കണ്ടാൽ അറിയരുത് എന്നാർ ചിലർ ഇതു
  കണ്ണാൽ എതിർനോക്കരുത് എന്നാർ ചിലർ
ഉണ്ടാകിയ ഭയപരവശരായ് ഒന്ന്
  ഉരിയാടാതേ നിന്നാർ പലരും.

കാലാഗ്നികണക്കെരിഞ്ഞുവരുന്ന പരശുരാമന്റെ വാങ്മയചിത്രം ഈ കൃതിയിൽ കാണാവുന്ന ചിത്രീകരണാത്മക വർണ്ണനയ്ക്ക് ഒരുദാഹരണം മാത്രം. ആദ്യന്തം അമൃതമയമാണ് ഈ കാവ്യം എന്ന ഉള്ളൂർ മഹാകവിയുടെ അഭിപ്രായം ഉള്ളുതുറന്ന് ഏറ്റുപറയാതെപോകുന്ന സഹൃദയർ ഉണ്ടാവില്ല.

### ഭക്തിപ്രസ്ഥാനവും

### കണ്ണശ്ശരാമായണവും

കൊല്ലവർഷം ആറാംശതകത്തിൽ ജീവിച്ചിരുന്ന ഈ കവികൾ (ശങ്കരമാധവരാമന്മാർ) മലയാളസാഹിത്യത്തിലെ ഭക്തിപ്രസ്ഥാനത്തിന് അടിസ്ഥാനമിട്ടതായി കണക്കാക്കാം. എഴുത്തച്ഛനോടുകൂടി പൂർണ്ണവളർച്ചയിലെത്തിയ ഈ ഭക്തിപ്രസ്ഥാനം കേരളത്തിൽ മാത്രമുണ്ടായ ഒറ്റപ്പെട്ട സംഭവമല്ല. എ. ഡി. പതിനഞ്ചാംശതകമാവുമ്പോഴേക്കും ഈ ഭക്തിപ്രസ്ഥാനത്തിന്റെ അലകൾ എല്ലാ ഭാരതീയഭാഷകളിലും എത്തിക്കഴിഞ്ഞിരുന്നു. പുരാണേതിഹാസങ്ങൾ തർജ്ജിമചെയ്യപ്പെട്ടുതുടങ്ങുന്നത് ഈ നവോത്ഥാനത്തിന്റെ ഫലമായിട്ടാണ്. എ. ഡി. പതിനൊ

ന്നാംശതകത്തിൽ തെലുങ്കിൽ നന്നയ്യന്റെ മഹാഭാരത തർജ്ജിമ ഉണ്ടായി. പതിമ്മൂന്നാം ശതകത്തിന്റെ ആരംഭത്തിൽ തമിഴിൽ കമ്പരുടെ രാമായണവും. മലയാളത്തിൽ കണ്ണശ്ശരാമായണം ഉണ്ടാകുന്നതു പതിനഞ്ചാം ശതകത്തിൽ. ഇതോടൊപ്പം ഭാഗവതം, ഭാരതം, ഗീത തുടങ്ങിയ ഗ്രന്ഥങ്ങളും ഭാഷയിലുണ്ടായി.

വൈശികതന്ത്രംമുതൽ ചന്ദ്രോത്സവംവരെയുള്ള കൃതികൾക്കു ജന്മമരുളിയ സംസ്കാരവിശേഷവും, ക്ഷയിച്ചുകൊണ്ടിരുന്ന രാജശക്തിയും, സ്വേച്ഛാപ്രഭുത്വത്തിന്റെ ദുർന്നിവാരഫലങ്ങളനുഭവിക്കേണ്ടിവന്ന കുടിയാനവന്മാരുടെ ജീവിതവും, കേരളത്തിലെ കുടിപ്പകയും, ബ്രാഹ്മണമേധാവിത്വവും, ക്ഷേത്രങ്ങളോടൊത്തു വളർന്നുവന്ന ജന്മിസമ്പ്രദായവും, കേരളത്തിൽ വല്ലാത്ത ഒരന്തരീക്ഷം സൃഷ്ടിച്ചു. ഈ പശ്ചാത്തലത്തിലാണു് നാട്ടുഭാഷയിൽ പുരാണേതിഹാസങ്ങൾ തർജ്ജിമചെയ്തു മനുഷ്യനിൽ ആത്മീയചൈതന്യവും ശുഭാപ്തിവിശ്വാസവും വളർത്തുന്നതിനായി മൂന്നു ഭാഷാകവികൾ ഒരുങ്ങിത്തിരിച്ചതു്. ഭാഷയിലും മണിപ്രവാളത്തിലും ഒരുപോലെ സ്വാധീനമുണ്ടായിരുന്നിട്ടും ഭാഷയിൽത്തന്നെ കാവ്യരചനയ്ക്കൊരുമ്പെട്ടതു് ഭാഷാപ്രേമവും, സാധാരണക്കാർക്കും ഇതു സുഗമമാവണമെന്ന ചിന്തയുംകൊണ്ടു മാത്രമായിരിക്കണം. ഈ കവികളാരംഭിച്ച യജ്ഞം ഒരു നൂററാണ്ടുകൂടികഴിഞ്ഞു പൂർത്തിയാക്കുവാൻ എഴുത്തച്ഛനു സാധിച്ചു.

## എഴുത്തച്ഛനു മാർഗ്ഗദർശി

കണ്ണശ്ശൻ വെട്ടിത്തുറന്ന പാതയിലൂടെ സഞ്ചരിച്ചു് ധർമ്മകർമ്മദ്യുതി പരത്തിയ ഒരാചാര്യനാണു് തുഞ്ചത്തു ഗുരുപാദർ. പൂർവ്വസൂരികളോടു് എഴുത്തച്ഛനുള്ള കടപ്പാടു് സ്പഷ്ടമാണു്. രസസമ്പുഷ്ടിക്കുവേണ്ടി മൂലകൃതിയിലെ ആശയങ്ങൾ യുക്താനുസാരം വികസിപ്പിക്കുകയോ സങ്കോചിപ്പിക്കുകയോ ചെയ്യുന്ന രീതി, ഈശ്വരനാമം ഒരിക്കൽ പ്രയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ പര്യായപദങ്ങളെക്കൊണ്ടു് ഒരു സ്തവമാലതന്നെ ചാർത്തുന്ന സ്വാതന്ത്ര്യം

എന്നിവ ഉദാഹരണമാണ്. കൃതികളിൽ സ്പഷ്ടമാകുന്ന വിനയപ്രകടനം, പദ്യാവസാനം നൽകുന്ന ഫലശ്രുതി, ഇങ്ങനെയുള്ള വിഷയങ്ങളിലും എഴുത്തച്ഛന്റെ മാർഗ്ഗദർശി ആയിരുന്നു, കണ്ണശ്ശൻ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എഴുത്തച്ഛന്റെ മനോജ്ഞങ്ങളായ പല പ്രയോഗങ്ങളും കണ്ണശ്ശരാമായണത്തിൽ കണ്ടെത്താൻ വിഷമമില്ല.

"ചിലയിതെടുക്കായ് വരികിലിതാമോ"

എന്ന ചോദ്യം.

"വില്ലെടുക്കാമോ കുലച്ചീടാമോ വലിക്കാമോ?"

എന്നു രൂപം മാറുന്നതേ ഉള്ളു, എഴുത്തച്ഛനിലെത്തുമ്പോൾ. മറ്റൊരുദാഹരണം:

"നരപാലകർ ചിലരതിനു വിറച്ചാർ
നലമൊടു ജാനകി സന്തോഷിച്ചാൾ
അരവാദികൾ ഭയമീടും ഇടിദ്ധ്വനിയാൽ
മയിലാനന്ദിപ്പതുപോലേ." (കണ്ണശ്ശൻ)

"ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലേ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം
പൂണ്ടാൾ." (എഴുത്തച്ഛൻ)

ആകെക്കൂടി നോക്കുമ്പോൾ പലതുകൊണ്ടും എഴുത്തച്ഛന്റെ മാർഗ്ഗദർശി രാമനായിരുന്നെന്നു കാണാം.

## ഭാഷാരീതി

ഭാഷാസാഹിത്യത്തിന്റെ പ്രഥമദശയിൽ അറിവായിടത്തോളം രണ്ടുതരത്തിലുള്ള പദ്ധതികളാണുണ്ടായിരുന്നത്. മണിപ്രവാളവും പാട്ടും. മണിപ്രവാളലക്ഷണം ചെയ്യുന്ന ലീലാതിലകകാരൻ ആനുഷംഗികമായി പാട്ടിനും നിർവ്വചനം നല്കുന്നുണ്ട്. "ദ്രമിഡസംഘാതാക്ഷരനിബന്ധം എതുകമോനവൃത്തവിശേഷയുക്തം പാട്ട്," എന്നാണ് ലക്ഷണം. എതുക രണ്ടു പാദങ്ങളിലേയും രണ്ടാമത്തെ അക്ഷരം സാമ്യമുള്ളതായിവരുന്നതാണ്. മോന പാദാദ്യങ്ങളിലെ ആദ്യക്ഷരം യോജിച്ചുവരുന്നതും. തമിഴക്ഷരമാലയിലെ അക്ഷരങ്ങൾ മാത്രമുള്ളതും, എതുകയും മോനയും

കലന്നും, ദ്രാവിഡവൃത്തങ്ങളിൽ രചിക്കപ്പെട്ടതുമായ കാവ്യമാണ് ഗാനാത്മകകാവ്യമാണ് പാട്ട്. രാമായണം ഈ നിയമങ്ങൾ എല്ലാം അനുസരിക്കുന്നില്ല. എങ്കിലും പാട്ടുവിഭാഗത്തിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം അതിനുണ്ട്. ദ്രാവിഡവൃത്തങ്ങളിൽ രചിക്കപ്പെട്ടിരിക്കുന്നു. മാത്രാപ്രധാനമായ ഈ വൃത്തങ്ങൾ നിരണംവൃത്തങ്ങൾ എന്നറിയപ്പെടുന്നു. അവയിൽ പ്രധാനം, ഓരോന്നിലും 16 മാത്രയുള്ള ഈ രണ്ടു ഖണ്ഡം ചേർന്ന നാലു പാദമടങ്ങിയ ഒന്നാണ്. ഒരു പാട്ടിനു 128 മാത്ര. ദ്രാവിഡസംഘാതാക്ഷര നിബന്ധമല്ല. എതുക എല്ലാ പാട്ടിലുമുണ്ട്. മോന എല്ലായിടത്തും ദീക്ഷിച്ചിട്ടില്ല. അന്താദിപ്രാസവും മിക്കയിടത്തും കാണാം. എങ്കിലും ലീലാതിലകകാരൻ നല്ലുന്ന പാട്ടിന്റെ ലക്ഷണത്തിനു ശൈഥില്യം സംഭവിക്കുന്ന ഒരു കാലത്തെ കൃതികളാണ് ഇവ എന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് രാമചരിതത്തിനും എഴുത്തച്ഛൻ കൃതികൾക്കുമിടക്കുള്ള സുശക്തമായ ഒരു കണ്ണിയാണ് കണ്ണശ്ശരാമായണാദികൃതികൾ.

കണ്ണശ്ശരാമായണത്തിലെ ഭാഷാപരമായ പ്രത്യേകതകൾ നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. പുരുഷഭേദനിരാസം ഒഴിച്ചുള്ള കേരളപാണിനിയുടെ നയങ്ങൾ എല്ലാം പ്രവർത്തിച്ചുതുടങ്ങിയതായിക്കാണാം. തമിഴിന്റെ സ്വാധീനത നല്ലതുപോലെ ദൃശ്യമാകുന്നു. സംസ്കൃതരീത്യനുകരണവും കുറവല്ല. തത്ഭവരൂപങ്ങൾ കുറവാണ്.

1. സംസ്കൃതവിഭക്ത്യന്തശബ്ദങ്ങളും പ്രത്യയങ്ങളും മററും അപൂർവ്വമായിക്കാണാം:

 മുഖ്യസമാധൗ

 ഏനാം പാപസമാചാരാം

 ഏഷ പിതാമഹൻ

 ബുധേന വിനാ.

2. ചില വിജാതീയപ്രയോഗങ്ങൾ;

 ഷോകിച്ചാൻ

ത്യാഗിച്ച
വിവേകിച്ച

ശരൺ (ശരണം)
കുശൽ (കുശലം)
സമർ (സമന്മാർ)

3. ചില ക്രിയാരൂപങ്ങൾ:
വധചെയ്യുക
പാലനചെയ്യുക
അറിയിപ്പോയാക
പൂവോയാക.

4. ഉമനാഥൻ
ജാനകിവല്ലഭൻ } ഭാഷാസമാസം

5. തൊട്ടേൻ (തൊടുകയില്ല)
അറിയേൻ (അറിയുന്നില്ല)
തമിഴ് വ്യാകരണത്തിൻെറ സ്വാധീനതയാണ്
ഇത്തരം നിഷേധക്രിയകളിൽ കാണുന്നത്.

6. അമരകൾ, അരചകൾ—ഇത്തരത്തിലുള്ള ബഹുവചന
രൂപങ്ങൾ.

7. അറിയിപ്പോം
പോവോം
(പുരുഷ പ്രത്യയങ്ങൾ ചേർന്ന ക്രിയകൾ)

8. പൊരിന്ന
അലഞ്ഞന
(പൂർണ്ണക്രിയകൾ)

9. കാർമേനിയൻ
തിരുമരുവിയ തിരുമാർവ്വൻ
(ബഹുവ്രീഹിസമാസരൂപങ്ങൾ)

10. അംബികമണാളനെ അഖിലേശനെ
(വിശേഷണവിശേഷ്യപ്പൊരുത്തം)

11. ചില സന്ധിരൂപങ്ങൾ:
എൺ+ദിശ—എണ്ടിശ
പറന്ന+ആകാശേ പറന്നാകാശേ

നീം+നാം—നീണാം
ആയ+അയോദ്ധ്യ—ആയവയോദ്ധ്യ
നൽ+തവം—നററവം.

ഇതിനും പുറമേ ഹ്രസ്വത്തിനു ദീഘ്ഘം. ദീഘ്ഘത്തിനു ഹ്രസ്വം, പദാന്തദീഘ്ഘം, ഭാഷാപദങ്ങൾക്കു സംസ്കൃതവിഭക്തി തുടങ്ങിയ സവിശേഷതകളും കാണാനുണ്ട്. ഇന്നു പ്രചാരലുപ്തങ്ങളായ പഴയ ശൈലികളും പദങ്ങളും ഭാഷാവിദ്യാത്ഥിയെ ആകഷിക്കാതിരിക്കില്ല.രാമചരിതത്തിൽ നിന്നാരംഭിക്കുന്ന പ്രസ്ഥാനം എഴുത്തച്ഛന്റെ കൃതികളിലെത്തുമ്പോഠം ഒരു നവീനരൂപമണിയുന്നു. ആ ദീർഘപ്രയാണത്തിനിടയ്ക്കുള്ള ഒരു താവളമായി കണ്ണശ്ശരാമായണത്തെ ഗണിക്കാം. അവരുടെ കൃതികഠം അന്നു നാട്ടിൽ നടപ്പുണ്ടായിരുന്ന ഭാഷയിലത്രേ എഴുതിയതു്.'' കണ്ണശ്ശരാമായണത്തെക്കുറിച്ചും ഈ പ്രസ്താവന ശരിയാണ്. തമിഴ്സ്വാധീനത വ്യക്തമാക്കുന്ന നാട്ടുഭാഷയാണ് അതിൽ നിഴലിക്കുന്നതു്. 'തമിഴ്-മിശ്ര' വിഭാഗത്തിൽ പെടുത്തിക്കൊണ്ടുള്ള പലരുടെ നിഗമനത്തിന്റെ സാധുത്വം പരിശോധിക്കേണ്ടിയിരിക്കുന്നു.

## ഉപസംഹാരം

ഭാഷാരീതികൊണ്ടും രചനാസമ്പ്രദായംകൊണ്ടും സദൃശങ്ങളായ രാമായണം, ഭാഗവതംപാട്ട്, ഭാരതംപാട്ട്, ഭാഷാഭഗവദ്ഗീത, ഭാരതമാല ആദിയായ കൃതികളെ ഒരുമിച്ചു നിരണംകൃതികഠം എന്നാണു വ്യവഹരിച്ചുവരുന്നതു്, ആ കൃതികളിലൂടെ പ്രചാരത്തിൽവന്നവൃത്തവിശേഷങ്ങഠം നിരണംവൃത്തങ്ങഠം എന്നും അറിയപ്പെടുന്നു. തരംഗിണി, ഇന്ദുവദന, മല്ലിക എന്നിവയുടെ ഛായ പ്രസ്തുത വൃത്തങ്ങളിൽ കണ്ടെത്താം. നിരണത്തുകാരല്ലെങ്കിലും ശങ്കരമാധവന്മാരേയും നിരണത്തുകാരായിട്ടാണ് പലരും ഇന്നും പരാമർശിക്കാറ്. സത്യസന്ധമായ ഗവേഷണം ഈ കാര്യങ്ങളിൽ നടക്കേണ്ടിയിരിക്കുന്നു എന്നഭിപ്രായപ്പെടട്ടെ.

ആർ. എസ്. വർമ്മജി

ശ്രീമത്

# കണ്ണശ്ശരാമായണം

## ബാലകാണ്ഡം

ആനന്ദാമൃതസാരം അരൂപം
അശേഷജഗത്പരിപൂർണ്ണവും ആയേ,
താൻ അന്തവും ആദിയും ഇല്ലാത
ചരാചരഭൂതനിധാനസ്വരൂപം,
മാനംകൊണ്ടു അറിവാൻ അരുതായ് അരു-
മാമറയിന്മുതലായ് ഒരു നാളും
ദീനം വാരാതോരു പരാപര-
ദിവ്യാത്മാനം വന്ദിക്കുന്നേൻ. 1

വന്ദിച്ചേൻ ഗണനായകനാകിയ
വാനോർകോനൊടു വാണിയെ മനസാ;
ചിന്തിച്ചേൻ ഗുരുശർവപദാംബുജ-
ചിന്താമണി; പുനര് ഇതിനരുളാലേ,
മന്ദപ്രജ്ഞന്മാർക്ക് അറിവാനായ്
മനുകുലതിലകനുടേ വൃത്താന്തം ഇത്,
അന്ധൻ ഞാൻ കേവലം എങ്കിലും, ഒട്ട്
ആയപ്രകാരം ചൊല്ലു തുനിഞ്ഞേൻ. 2

INSTITUTE OF ADVANCED ST...
Acc. No. 50714

ചൊല്ലേറിയ വാല്മീകിമഹാമുനി
ചൊല്ലിയ രാമായണം ഇനിയേതും
വല്ലാതേ ഞാൻ ഇന്നുരചെയ്‌വതു
മനസിപൊറുക്ക മഹാജനം എല്ലാം;
ഉല്ലാസത്തോടു വിനതാതനയൻ
ഉയർന്തു പറന്നാകാശേ മറ്റൊരു
പൊല്ലാമക്ഷിക തന്നാലാവതു
പൊങ്ങുവതിന്ന് ആരേമുനിയുന്നോർ? 3

മുനിവൊട് അഹങ്കാരാദികളെല്ലാം
ഊറ്റവിചാരംകൊണ്ടു കളഞ്ഞേ,
കനിവൊടു ശമദമസന്തോഷാദികൾ
കൈക്കൊണ്ട്, ആരണതൽപ്പരരായേ,
അനുപമരാകിയ ഭൂദേവന്മാര്
അവരവരേ മമ ദൈവതം; എന്നാൽ
മനസി നിനച്ചതു ചെയ്തുമുടിക്കാം
മറയവരരുളാൽ ഇന്ന് ഇനിയെല്ലാം. 4

എല്ലാജാതിയും ഇന്നിതു ചൊൽവാൻ
ഏതും കുറവില്ലെന്നെപ്പോലേ
ചൊല്ലാകിന്നവർ ഇതിന് ഒരു ദോഷം
ചൊല്ലുകയില്ല സുഹൃജ്ജനസംഗാൽ:
നല്ലാചാരിയര് ഒന്നെയും, എന്നും
നന്നെന്നൊഴിയേ ചൊല്ലാതേതും:
കല്ലാതവർപിഴ ചൊന്നതുകൊണ്ട് ഒരു
കാര്യവിരോധം ഇതിന്ന് ഇനി വാരാ. 5

ഇനിയമഹാമുനി ശ്രീനാരദനൊട്
ഇതറിയ, ശ്രീവാല്മീകി മഹാമുനി
തനിയേ ചോദിച്ചാൻ:—ആരേയുളർ
സകലഗുണങ്ങളും ഉടയവര്? എന്നേ;
''മനുകുലനായകൻ ആകിയ രാമൻ
മഹിമ മികത്ത ഗുണാകരൻ ആയേ
തനിയേയുളൻ' എന്ന് അവനുടെ ചരിതം
സംക്ഷേപിച്ച് ഉരചെയ്താൻ മുനിവൻ. 6

മുനി നാരദൻ ഉരചെയ്തതുകേട്ട് അതി—
മുദിതനും ആയ മഹാമുനി മാധ്യം—
ദിനനിയമാദികൾ ചെയ്‌വാനായ് പോയ്
നിന്നാൻ തമസാതീരം പുക്കേ;
മനസിജപരവശപക്ഷിയുഗങ്ങളിൽ
വനചരൻ ഒന്നിനെയപ്പൊഴുതെയ്തു
കനിവൊട്ട കണ്ടുടൻ അവനെക്കൊൽവാൻ
കരുതിയുഴറ്റൊട്ട ശാപം ചെയ്താൻ. 7

ശാപംചെയ്ത വചസ്സൊരു പദ്യ—
ശരീരമിതെന്ന് അരികേ നിന്നരുളിയ
താപസനോട്ട പറഞ്ഞെഴുന്നരുളീ
ധർമ്മാത്മാ നിയമങ്ങൾ മുടിച്ചേ;
ശോഭയൊട് ആശ്രമമതിൽ വന്ന് അവനൊട്ട
ചൊല്ലീതപ്പൊഴുത്, അയൻ അഖിലേശൻ
''നീ പരിചീടിന വാണിയിനാലേ
നിരുപമകാവ്യം നിർമ്മിക്ക്'' എന്നേ. 8

നിർമ്മികെന്ന് അയൻ അരുൾചെയ്തതിനാൽ
നിഖിലവും അകമേ കണ്ട മഹാമുനി,
നിർമ്മലകോമളവാണിയിനാലേ
നിരുപമശ്രീരാമായണകാവ്യം
ചെമ്മേചെയ്തുമുടിച്ച് അഴകോടതു
ശീലിപ്പിച്ചാർ കുശലവരാകിയ
സന്മതികളെ: മധുരസ്വരമോട് അവർ
സതതം ഗാനംചെയ്തു നടന്നാർ.

ആരണം അറിയും മുനിവരരരുൾചെ-
യ്താദരവൊടു കുശലവർവൃത്താന്തം
വീരൻ ഇരാഘവൻ അറിവുററ്, അവരെ
വിളിച്ചരുൾചെയ്തതിന്, അവർകളും അന്നേ.
ആരിഷം ആകിയ ശ്രീരാമായണം
ആശ്ചരിയം വരുമാറു പ്രയോഗി-
ച്ചാർ, അനുജാദിമഹാജനമൊടു ശ്രീ-
രാമൻ ഇരുന്ന സഭാതലമതിലേ. 10

തിലകമതായേ ഭൂലോകത്തിനു
തിറം ഏറും ഉത്തരകോസലവിഷയ,
പലപല ഗുണഗണം ഈടും അയോദ്ധ്യാ-
ഭവനം അതീവ മനോഹരമായേ,
നലമൊടു സൂര്യകുലോത്ഭവരാകിയ
നരപതിമാർ മരുവീടുമതിന്നായ്
അലം ഇതുമനുനാ നിർമ്മിതമായു-
ണ്ടായിതൊര് അമരാവതിസമം ആയേ. 11

സമരായ് അമരാധീശനൊട് അദ്ധ്യാ–
സനഗതരായ മഹീപതിമാർ പലർ,
അമലാന്തഃകരണന്മാരായ് ഉള്ള–
രായതുകാലം അനന്തരം അവിടേ,
വിമലാചാരപരായണൻ ആകിയ
വീരൻ അയന്ന് ഒരു നന്ദനൻ ആയ് അനു–
പമയാം ഇന്ദുമതീദേവിയിലേ
പലഗുണമുട ദശരഥൻ ഉള്ളനായാൻ. 12

ഉള്ളനായ, രചനും ആയവനന്തരം,
ഉരസിജഭാരം എടുത്ത് അനുവേലം
തളരായ് നിന്നതിമൃദുതരകോമള–
തനുലതമാർ കൗസല്യാദികളേ,
കുലശീലാചാരാദികളാൽ ഒരു
കുറവില്ലെന്നു വിവാഹം ചെയ്താൻ;
പലനാൾ ചെന്നതുകാലം പുത്രർ
ഭവിച്ചില്ലെന്ന് അരചൻ ശോകിച്ചാൻ. 13

ശോകം അകററും ഉപായം നരപതി
ശുഭചരിതന്മാരായവമാത്യരൊട്ട്
ആകും അഴിഞ്ഞു നിരൂപിച്ച് അരിയ–
മഹാക്രതു ചെയ്‌വതു കരുതിയവാറേ
വേഗമൊട്ട് അരികെച്ചെന്നു സുമന്ത്രർ വി–
വേകിച്ച് അരചൻ ദശരഥനൊട്ട പുനര്
''ആകഥിതം തവ വൃത്താം അതീവ പു–
രാണമഹാമുനിയാൽ ഇദം'' എന്നാൻ. 14

''എന്നും ഒരുഴിവില്ലാത തപോബലം
ഈടിയ മുനിവൈഭണ്ഡകനെക്കൊ–
ണ്ടൊന്ന് ഒരു യാഗം ചെയ്യിപ്പിച്ചാൽ
അരചനു പുത്രരും ഉണ്ടാമെന്നേ,
വന്നതറിഞ്ഞ് ഉരചെയ്താൻ പണ്ട് അതി–
ബാലകനായ കുമാർമഹാമുനി;
നന്നതു ചെയ്ക നമുക്കതിനൊരുവഴി
നരപതിയേ! ഇതു കേട്ടരുളം'' എന്നാൻ. 15

''കേട്ടരുളം, അംഗമഹാരാജ്യത്തിനു
കേടുണ്ടായിതു വർഷം ഒഴിഞ്ഞേ;
വാട്ടം ഒഴിപ്പാൻ, അന്ന് അവിടത്തേ
മന്നവൻ ആകിയ രോമപദൻ താൻ,
കേട്ടതിനൊരു വഴിയെന്തെന്നളവ് ' ഒരു
കേട് ഉയലാത വിഭണ്ഡകപുത്രനെ
നാട്ടിൽ വരുത്തുകിൽ നന്നിതിന്'' എന്നു
നരേന്ദ്രനോട് അറിയിച്ചാർ അറിവുടയോർ. 16

ഓർത്തൊരുപായമതിന്നു, മഹീപതി–
യൊണ്ണുതലാരെ വിളിച്ചരുളംചെയ്താൻ:–
'ആസ്ഥയൊട് അടവിയിൽ മുനിവരുമായ്ച്ചെന്ന്
ആശ്രമവാസി വിഭണ്ഡകപുത്രനെ
നേത്രവിലോഭനം അഴകൊടുചേർത്ത് ഇഹ
നിങ്ങൾ വരുത്തുക' എന്നതിന് അവരും
പേർത്തു മഹാപൂപാദികളോടേ
പേടിയൊഴിന്നു മഹാടവി പുക്കാർ. 17

പൃക്ക് അവർ, മുനിവരനെക്കണ്ടൊരുനാൾ,
ബുദ്ധിയിൽ അവന് ഒരിളക്കം വരുവാൻ,
'പക്വം ഇത്'' എന്ന് അടയപ്പമതാദികൾ
ഭക്ഷണം അനുനയമോട്ട കൊടുത്താർ;
അക്ഷണം ആശ്ളേഷാദികളാലുമൊരു്–
അനുരാഗത്തൊട്ട കൂടെ മഹാമുനി–
യൊക്കെ നടന്നു വധൂജനമൊട്ട വ–
ന്നുടനേ നഗരം ഭരണഞ്ഞതുകാലം. 18

അതുകാലം വർഷവും ഉണ്ടായിത്
അനന്തരമേ പുനര് അംഗാധിപനും,
വിധിയാലേ, മകളാകിയ ശാന്തിയെ,
വിരവൊട്ട വൈഭണ്ഡകനു കൊടുത്താൻ:
അതിനാൽ അന്നുതുടങ്ങി മഹാമുനി–
യവിടെപ്പാർക്കാൻ ഭാര്യയും ആയേ;
മതിമാൻ ആകിയ മുനിവനെയിവിടെ
വരുത്തുവതിന്നിനിയെളുതു നമുക്കം. 19

എളുതാമിതു, തവ സഖിയംഗാധിപന്;
എന്നാൽ, വിരവൊട്ട ചെന്ന് അറിയിച്ചാൽ
വളരായ് നിന്നാനന്ദത്തോട്ട
വരുത്തും അയോദ്ധ്യയിൽ മുനിവനെയവനും;
തളരാതെ തവ പുത്രരും ഉണ്ടാം;
ചരതം ഇതെല്ലാം എന്നുരചെയ്യാൻ
ഉളവാകുന്നതറിഞ്ഞമ്മുനിവരൻ
ഉണ്മയിത്'' എന്നു സുമന്ത്രർ ഉരൈത്താർ. 20

ഉരത്ത സുമന്ത്രനിയോഗത്താലേ–
യുള്ളിൽ വിഷാദം ഇളച്ച്, അംഗേശൻ
ഇരിക്കുമിടത്തിനു ചെന്ന് ''ഋഷിമുഖ്യനെ–
യെന്നോടുകൂടെ വിട്'' എന്നതിനവനും,
കരുത്തോടു ''ദശരഥർ ചൊന്നവയെല്ലാം
കടുക മുനീന്ദ്രാ! ചെയ്യെ''ന്നളവിൽ
''അരിപ്പം ഇതിന്നില്ലേ''ന്നുടനേ പോ–
യരചനൊട് അവനും അയോദ്ധ്യപുകുന്താൻ. 21

പുക്കാൻ ദശരഥനോടും അയോദ്ധ്യാ–
പുരിയിൽ മഹാമുനി ഭാര്യയുമായേ;
മിക്ക വസന്തം വന്നളവേ ''ഹയ–
മേധം ഇയററുക മന്നാ! എന്നാൽ,
ത്ക്കമഹാബലവീര്യാദികളൊടു
തവതനയന്മാർ നാല്വരെ ഞാൻ പുനര്
ഇക്ക്രിയകൊണ്ട് ഉണ്ടാക്കുവെൻ'' എന്നത്
ഇത്ഥം വരുമാറ് അരചനു മുനി ചൊന്നാൻ. 22

ചൊന്ന വസിഷ്ഠനിയോഗത്താലേ
ശോഭനമാകിയ സരയൂതീരേ,
മുന്നൽ മഹാഹയമേധം ഇയററി
മുനിപ്രവരൻ ക്രിയചെയ്‌വതു കാലം;
ഭിന്നാചാരം അനത്തു ജഗത്തും
പീഡിതമായതു രാവണനാലേ;
എന്നേ കഷ്ടം! ഇതിന്ന് എന്തൊരുഗതി''
എന്ന് അമരകരം അയനോടരുളംചെയ്താർ. 23

അരുളിച്ചെയ്താൻ അമരകളോട് അയൻ:
''അഖിലജഗൽപതി നാരായണൻറെ
അരുളപ്പാടെന്തെന്ന് അറിവാനായ്
അടയപ്പോവോം നാം ഇനി'' എന്നേ;
വിരയപ്പോയ്പ്പാലാഴിയിൽ മീതേ
വിസ്മയം ആമ്മാറ് അംബരമാർഗ്ഗേ
നിരവിൽ പൊലിവൊട്ട നിന്ന് ഇന്ദ്രാദികൾ
നിരുപമൻ അച്യുതനെ സ്തുതിചെയ്താർ: 24

''ആരാലും ചിന്തിച്ചാൽ അറിവാൻ
അരുതാകിയ പരമാനന്ദാ! ജയ;
നാരായണ! കരുണാകര! ജയ ജയ;
നളിനദളായതലോചനനേ! ജയ;
താരാർമകൾ മണവാളാ! ജയ ജയ;
ധരണീവല്ലഭ! സകലേശാ! ജയ;
വാരാകരമതിൽനിന്നൊരു മീനായ്
മറകളെ മീണ്ട മഹാപുരുഷാ! ജയ. 25

ജയ, കൂർമ്മാകൃതിയായ് മന്ദരഗിരി
ചെമ്മേ മുതുകിലെടുത്തവനേ! ജയ;
ഭയകരസൂകരവിഗ്രഹമായേ
പണ്ട് അവനിയെയും ഉയർത്തവനേ! ജയ;
നയം അറിയാത്ത ഹിരണ്യനെ വെൽവാൻ
നരസിംഹാകൃതിയായവനേ! ജയ;
ജയം എങ്ങൾക്കുണ്ടാവാൻ കുറളായ്
ചെന്ന് അസുരേന്ദ്രനെ വെന്നവനേ! ജയ. 26

വെന്നി മികത്ത് ഇരുപത്തൊരുത്തുട മുടി-
 വേന്തരെയറുതിപെടുത്തവനേ! ജയ;
എന്നും ഒരു് അത്തൽ വരാതേ കാപ്പാൻ
 എങ്ങളെ നീയല്ലാൽ ആരുള്ളോർ?
ഇന്നും അനത്തുലകത്തിനു താപം
 ഇയററും അരക്കർകുലത്തെ മടിച്ചേ
നന്നി നമുക്കണ്ടാക്കുക'' എന്നു
 നമസ്കാരത്തൊടു ദേവകൾ നിന്നാർ. 27

നിന്നതുകാലം, നിദ്രാപരനായ്
 നിരുപമപരമാനന്ദത്തോടേ
അന്നു ആഴിയിൽ അരവണമീത് അഴകൊട്ടു്
 അമന്നരുളിയ സകലേശൻ ഉണന്നേ,
നന്നായഴൽകെട നോക്കി മനോഹര-
 നയനസരോജമരീചികളാലെ-
യൊന്നാദരവൊടു് അമർത്ത്യന്മാരൊടു്
 ഉചിതമിതെന്നും വണ്ണും ചൊന്നാൻ: 28

''നാന്മുഖനാദികളേ! യെല്ലാക്കും
 നൽവരവാകൊരു സുഖമേയല്ലീ?
കാണ്മതിനായേ വന്നതു നന്നു് ഇഹ;
 കാര്യവിശേഷവും ഉണ്ടോ?'' എന്നേ
ചേണ്മരുവീടിയ വാണിയിനാലേ
 ജഗതീപതിയരുൾചെയ്തതു കേട്ടേ
സാമ്യമിലാത സുഖത്തൊടു ദേവകൾ
 താൽപര്യത്തെയവന്നു് അറിയിച്ചാർ: 29

''അറിയാം തവ പുനര് അഖിലവും എങ്കിലും,
അറിയിപ്പോം ഇത് അൻജ്ഞഞയിനാലേ
അറനെറി വേറായ് ആകുലമായേ-
നഖിലജഗത്തും അഴിഞ്ഞത്തു കാണായ്
കുറവ് ഏത്തും വാരാതെ നിശാചര-
കുലപതിയാകിയ രാവണനാലേ
അറിയോം അവനൊട്ട നികരാമവർ ഇനി-
യാരിഹ ബലവീര്യാദികളാലേ! 30

ബലവീര്യാദികൾ ഉടയ ദശാനന-
വീരൻ അതീവ തപസ്സിനൊട് ഏത്തും
കുലയാതേ നിജതലകൾ അറുത്തു
കുതൂഹലം ആത്മാറ് അഗ്നിയിലിട്ടേ
പലനാൾ നിന്നത്തു കാലത്ത് അകമേ
പരിതോഷത്തോട്ട് ഏഷ പിതാമഹൻ
അലം അലം എന്ന വരങ്ങൾ കൊട്ടത്താൻ
അഭിമതമായവയെല്ലാം അന്നേ. 31

അന്ന ദശാനനഭാവം കണ്ടേ-
യഴകിയ ലങ്കയിൽ നിന്നുടനേ പോയ്
വെന്നിയുടേയളകാപുരിതന്നിൽ വി-
വേകത്തോട്ട കുബേരൻ പുക്കാൻ;
ചെന്ന നിശാചരനായകനായേ
ചെമ്മേ ലങ്കയിൽ അഭിഷേകം ചെയ്ത്
ഒന്നൊഴിയാതേ ദിക്കുകൾ എല്ലാം
ഒക്കെ നടന്ന ജയിച്ചാൻ വീരൻ. 32

ജയമൊട്ട പുഷ്പകമായ വിമാനം
        ചെന്ന് എതിർപൊരുതു പറിച്ച കുബേരനു
ഭയമരുളീ; കൈലാസമിളക്കീ,
        പരമേശ്വരനുടെ വാരം കൈക്കൊണ്ടാൻ;
മയസുതയാകിയ മണ്ഡോദരിയെ
        മകിഴ്ന്തു വിവാഹം ചെയ്ത് എങ്ങൾക്കൊരു
ഭയം ഉണ്ടാമാറ് അമരാംഗനമാർ
        പലരെയും അവരോധത്തിനു വച്ചാൻ. 33

വച്ചാൻ കാരാഗൃഹമതിൽ ഇന്ദ്രനെ
        വമ്പൊട്ട പുത്രനുടേ വീര്യത്താൽ;
ഉച്ചൈര് ആദിത്യാദികൾ എല്ലാം
        ഉദയംചെയ്‌വതും അവനരുളാലേ;
അച്യുതനേ! അഖിലേശാ! മററുമൊര്
        ആശ്ചര്യം കേൾ:–മാരുതദേവനു,
നിശ്ചയം, അവനുടെ ലംകാനഗരിയിൽ
        നിനവ് അറിയാതേ ചെല്ലരുതല്ലോ. 34

അരിയ മഹാകല്പകവൃക്ഷാദികൾ
        അവനുടെ ലംകയിൽ ആയിത്; എവർക്കും
പെരിയ യമൻ വൈവസ്വതൻ; അവനൊട്ട
        പെരികെതിർ പൊരുതു തുലഞ്ഞാൻ; എന്നാൽ,
ഹരി ഹരി! നാരായണനേ! നിന്നുടെ
        യടിയവരാകിയ ഞങ്ങളുടേ ഗതി
തിരുമനസ്സാ കല്പിക്ക്'' എന്ന് അമരകൾ
        തിറമൊട്ട പുനര് അഭിവന്ദനചെയ്താർ. 35

താനവവൃത്താന്തങ്ങളെയെല്ലാം
താൽപരിയത്തൊടു കേട്ടതുകാലം,
''മാനവനായേ കൊല്ലാം അവനെ;
വരംകൊണ്ടില്ലവൻ അത് അയനൊട്, എന്നാൽ
ഞാൻ അവനെക്കൊലചെയ്ത്ഇടർ തീർപ്പേൻ
നലമൊടു ദശരഥനന്ദനനായേ;
ഊനം ഇതിന്നില്ലമരകളേ!'' എന്ന്
ഉടൻ അരുൾചെയ്തു മറഞ്ഞാൻ ദേവൻ. 36

ദേവകൾ അവിടെ നമസ്കൃതിചെയ്തു
ദശാനനനാൽ ഒരു ഭയം ഇനിയില്ലെന്ന്
ആവി കുളുത്തുടനേ ഹവിരാഹര–
ണായ മഹാക്രതുശാല പുകുന്താർ;
മേവി മഹാക്രതു ചെയ്ത് അവസാനേ
വിരവൊടു വൈഭണ്ഡകൻ അതുകാലം.
പാവകദേവനിൽനിന്ന് അവിടേ സം–
പാതവും ഉണ്ടാമാറു നിനന്താൻ. 37

നിനവൊടു മുനിവൈഭണ്ഡകൻ അന്നു
നിരാകുലനായേ കർമ്മം ചെയ്തളവ്,
അനഘൻ അയൻ തിരുവടിയരുളാലേ
അഗ്നിയിൽ നിന്നേപായസപാത്രം,
കനകമയം കൈക്കൊണ്ടൊരു ഭൂതം
കനിവൊടു വന്ന് ഉരചെയ്തിതു നൃപനോട്
''ഇനകുലതിലകാ! ദേവകളാൽ നിർ–
മ്മിതം ഇതു; തവ സന്തതികരം'' എന്നേ. 38

സന്തതിയാവാൻ ദശരഥവീരന
സകലേശ്വരനും പായസമതിലേ
വന്തുളനായതിനാൽ അത്ഭുതം
വൻപണിപെട്ട് ഒരു ജാതി വഹിച്ചാൻ;
ചിന്തതെളിഞ്ഞു നമസ്കാരത്തൊടു
ശിവകരം ആകിയ പായസപാത്രം ഒര്
അന്തരം ഇന്നി മഹീപതി കൈക്കൊ–
ണ്ടളവേയവിടെ മറഞ്ഞിതു ഭൂതം. 39

ഭൂതലപതി, കൗസല്യയ്ക്കന്നേ
പൊലിവൊടു പാതി കൊടുത്താൻ പായസം
ആദരവോടെ; ശേഷിച്ചതിൽ നാലൊന്ന്
അന്നു സുമിത്രയ്ക്കന്നു കൊടുത്താൻ;
നീതിയൊടുള്ളതിൽ മൂവിരുകൂറും
നിരുപമകൈകേയിക്കു കൊടുത്താൻ:
ചേത തെളിഞ്ഞു സുമിത്രയ്ക്കരുളീ
ശേഷമിരുന്നതു പിന്നെയും അരചൻ. 40

അരചനടേയരുളാലെ പത്നികൾ
അപ്പൊഴുതേ സേവിച്ചാർ പായസം
അരുമയൊഴിന്ത് അമരകളിടർ തീപ്പാൻ:
അഖിലജഗൽപ്പതിയച്യുതൻ അമലൻ
തിരുമരുവിയതിരുമാർവൻ തിരുവടി
തിറമുറും അവർ ഗർഭാശയമതിലേ
മരുവി വസിച്ചാൻ എന്തരുതാതതു
മഹതാം പരപരിതാപം കളവാൻ? 41

വാനവർ സന്തോഷത്തോടു പോയ-
വനന്തരമേ, ധനരത്നാദികളാൽ
മാനിതരായ മഹാമുനിമാരു
മഹിമയുടേ ശാന്താപതിയോടേ
പോനതുകാലം, പിൻപേ ചെന്നു
പുകഴ്ന്നരുളുംകൊണ്ട മഹീപതി ദശരഥൻ
ആനന്ദേന നിജാംഗനമാരോട്
അന്നവയോദ്ധ്യാനഗരം പുക്കാൻ. 42

കാരുണ്യത്തോടക്കുടതുകാലം
കമലോത്ഭവൻ അമരരൊട് അരുളുംചെയ്താൻ:
''വീരൻ ദശമുഖനെക്കൊൽവതിന് ഇനി
വിശേശരനു തുണപ്പാനായേ,
ആരും മടിയാതുണ്ടാക്കുക പുനര്
അവനിയിൽ വാനരരാകിയ പുത്രരെ:
മുരിനിവന്ന മമാനനജാതേ
മുഖ്യൻ ജാംബവാൻ ഉളൻ ആദിയിലേ. 43

ഏവം അയൻതിരുവടിയരുളുംചെയ്തള-
വെല്ലാരും പുത്രരെ നിർമ്മിച്ചാർ:
ദേവകളധിപതിയിന്ദ്രൻ ബാലിയെ:
നിറമുടെ ദിനപതി സുഗ്രീവനെയും;
പാവകദേവൻ നീലനെ; അഴകിയ
പവനനും അഞ്ജനയാകിയ ദേവിയിൽ
ഏവരിലും ബലമുടയ ഹനുമാൻ
എന്നൊരു പുത്രനെയും നിർമ്മിച്ചാർ. 44

നിർമ്മിച്ചാർ. മുനിവരയക്ഷാദികരും,
നിരുപമഗന്ധർവ്വന്മാർ അവരവർ
ചെമ്മേ; ഗിരിനികരാകിയ വാനരർ
ശേഖരരായിത്തു ഭൂമിയിൽ എങ്ങും:
'നമ്മുടെ പതിയിവൻ' എന്ന ബാലിയെ
നലമുടെ സുഗ്രീവനെയും അണന്താർ,
വന്മയുടേ കപിവീരരനന്തും
വക വക പല പല ജാതികളായേ. 45

ആയാർ അന്നു വിലഗ്നേ കർക്കടെ–
കാദിയിൽ അമരാചാര്യശശാങ്കർ,
പോയാർ നിജനിജതുംഗേ മററു
ബുധേനവിനാ പുനര് ഉള്ളവർ എല്ലാം:
തായാർ നാളാകിയ പുണർതേ, ഭുവി
ധർമ്മവിരോധം ഒഴിപ്പാൻ, വന്തുളൻ
ആയാൻ, അരചനു സന്തതിയായേ–
യഖിലജഗത്പതി നാരായണനും. 46

നാരായണനവതാരം ചെയ്യാൻ
നലമൊടു കൗസല്യാസുതനായേ;
ഈരേഴുലകിൽ നിറന്നാൻ പുനര് അവൻ
ഈടിയ രാമമഹാനാമത്താൽ;
വീരാധിപനാം ഭരതൻ പുഷ്യേ
മീനംകൊണ്ടു പിറന്നാൻ, പന്നഗ–
താരേ കർക്കടരാശൗ ലക്ഷ്മണ–
ശത്രുഘ്നന്മാർ പുനര് ഉളരായാർ 74

ഉളരാകിയ തനയന്മാരെക്കണ്ടു്
ഉള്ളം ഉവന്നു, വസിഷ്ഠനിയോഗാൽ,
അളകാധിപസമൻ ആകിയ ദശരഥൻ
അവിടെയുട്ടത്തവ ചെയ്തു മുടിച്ചാൻ;
വളരാകുന്ന സുതന്മാർ നാല്വരിൽ
വരഗുണമുടെ ശ്രീരാമനിൽ മാനസം
ഇളതായിത്തു, പുത്രസ്നേഹത്താൽ,
ഇനകുലതിലകനും അതിശയമായേ. 48

അതിശയമായിത്തു തമ്മിൽ ഇണക്കവും
അവിടേ ലക്ഷ്മണനും ശ്രീരാമനും;
അതുപോലേ ഭരതനും ഇളയവനും ഒരു്–
അരനാഴിക പിരിയാതുളരായാർ:
വിധിയാൽ അതതു വയസ്സുകളും തോറും
വിഹിതമഹാകർമ്മങ്ങളെയരചൻ
വിധിതനയാദികളോടേ ചെയ്താൻ;
വിപ്രവരർക്കു കൊടുത്തിത്തു ദാനം. 49

ദാനംപലവും ചെയ്താൻ നരപതി
നലമൊടു, പുത്രന്മാരും അനന്തരം
ഊനം ഒഴിന്തു് അറിവുററാർ വേദ–
പുരാണമഹാശാസ്ത്രാസ്ത്രാദികളും:
ദീനതയീന്നി വളർന്നരാകിയ
ദിവ്യകുമാരന്മാരേക്കണ്ടേ
താൻ അതിസന്തോഷിച്ചാർ ദശരഥർ;
സജ്ജനമായുള്ളവർകളും എല്ലാം. 50

എല്ലാ ജാതിയും ആത്മജരെക്കൊണ്ട്
ഇനി വൈകാതെ വിവാഹം ചെയ്യി-
ക്കെല്ലോ നാം ഇഹ വേണ്ടുവത്? ഒരു വഴി-
യെന്ത് ഇതിന് എന്നത് അമാത്യരൊട് എല്ലാം,
കല്യാണാത്മാവാകിയ ദശരഥർ
കനിവൊടു കൂടെ നിരൂപിച്ചളവേ,
ചൊല്ലേറിയ മുനി വിശ്വാമിത്രൻ
ശോഭനമായവയോദ്ധ്യ പുകുന്താൻ. 51

''താൻ ആദിയിൽ ഒരു ഭൂപതിയായേ
തപസാ മുനിവരനായ മഹാത്മാവ്-
ആനവൻ ഇവൻ'' എന്നൊരു ബഹുമാനമൊട്
അടിമലർ തൊഴുത് എതിരേററ് അർച്ചിച്ചേ,
മാനസം ഏററെ മകിഴ്ന്തു മഹീപതി
മഹരിഷിവരനോട് അരുളിച്ചെയ്താൻ:
''കാനനമതിൽ നിന്ന് ഇഹ നിന്തിരുവടി
കനിവൊടു വന്നതു നമ്മുടെ ഭാഗ്യം! 52

ഭാഗ്യവതാം ഒഴിയെക്കാണാമോ?
ഭവതാം പരം ഒരു സുഖമോയല്ലീ?
ആഗ്രഹമായത് അനുഗ്രഹമോ? പുനര്
എന്നിയൊര് അഭിമതലേശവും ഉണ്ടോ?
നീക്കം വാരാതേ തരുവെൻ ഞാൻ
നിന്തിരുവടിയരുൾചെയ്‌വവയെല്ലാം;
ഓക്കിൽ നമുക്ക കുലോചിതധർമ്മം ഇത്
ഉത്തമരക്ഷണം'' എന്നാൻ അരചൻ. 53

അരചനടേ വചനത്താൽ മുദിതനും
ആയ മഹാമുനിയരുളിച്ചെയ്താൻ:
''വരഗുണം ഉട വംശോത്ഭവനായി
വസിഷ്ഠാദികളാലേ ശിക്ഷിതനായ്
നരവരൻ ആകിയ നിൻവചനങ്ങൾ
നയത്തൊടിവണ്ണം ഒഴിഞ്ഞ് ഉളവാമോ?
സുരതരുനേർകൊടയുള്ളവരല്ലോ
സൂര്യകുലോത്ഭവരായവർ പണ്ടും. 54

പണ്ടേതിലും അഴകായേ ഭൂമൌ
പലനാൾ വാഴ്ക സുതന്മാരൊടു നീ;
ഉണ്ടൊരു കാംക്ഷയെനിക്ക് അരചാ! കേൾ
ഉത്തമമായൊരു യാഗംചെയ്‌വാൻ;
കണ്ടകരാകിയ രാക്ഷസരാൽ ഒരു
കഴിവില്ലതിനാൽ അവർകളെ വെൽവാൻ
പുണ്ഡരീകാക്ഷൻ ഇരാമനെയെന്നൊടു
പോരുവതിന്ന് ഏകുക വനഭൂമൌ. 55

ഭൂമിയിൽ ഉള്ളതിൽ ആരേ കെൽപ്പോർ
പൊരുതു ജയിപ്പതിന് അസുരരെയെല്ലാം
കോമളബാലകൻ ആകിലും ഇനിയ
കുമാരൻ ഇരാമനെയൊഴിയ നരേന്ദ്ര?
താമസിയാതേ കൂടെ വിട് എന്നൊടു;
തപസാ ഞാൻ അവരെപ്പാലിപ്പേൻ;
നീ മമതാം ഒഴി:നിന്നുടെ പുത്രൻ
നിരുപമൻ,'' എന്നാൻ വിശ്വാമിത്രൻ. 56

വിശ്വാമിത്രൻ തിരുവടി ചൊല്ല
വിഷാദഭയാദികളോടേയരചൻ
നിശ്വാസത്തൊടിരുന്നു നിനച്ച്, അതി–
ദീനതയാ മുനിവരനൊടു ചൊന്നാൻ:
''ഉച്ചൈര് അവിടെ നിശാചരർതമ്മൊട്
ഉറച്ച് അമർചെയ്‌വതിനാമോ ബാലകൻ?
ഇച്ഛിക്കൊല്ലായിതു നിന്തിരുവടി;
ഇപ്പൊഴുതേ ഞാൻ പോരുവെനല്ലോ. 57

പോരുവതിന്ന് അക്ഷൗഹണിപടയിത
പൊലിവൊടു നിന്നിതു: ഞാൻ അവരോടും
പോരുവെൻ അവിടെ; നിശാചരർതമ്മൊടു;
പൊരുതുജയിപ്പെൻ; അതെന്നിയും അറിനീ:–
ആര് അറിവോർ നിശിചരമായാബലം?
അറിയാമോ മമ വത്സന് അത്? എന്നാൽ,
ധീരത തന്നെയും ഇല്ല പൊറുപ്പാൻ
തിറമൊടു പുത്രവിയോഗവും എല്ലാം. 58

എല്ലാജ്ജാതിയും എങ്ങാക്ക് അറിവാൻ,
ഏവർ നിശാചരർ? എന്തവർ ബലവും?
ചൊല്ലായ്,'' എന്നു മഹീപതിദശരഥർ
ചൊന്നതുകേട്ട് അറിയിച്ചാൻ മുനിവൻ:
''പൊല്ലാമതിരാവണപാലിതരായ്–
പ്പുനര് ഉളർ ഇരുവർ നിശാചരർ, നമ്മോട്
എല്ലാം ഇടർചെയ്‌വോർ വനഭൂമിയിൽ.
എതിര് അവർകാക്ക് ആരുള്ളവര്? എന്നേ.'' 59

എന്നു മഹാമുനിയരുൾചെയ്തതു കേട്ട്
''ഇതു പണി ദശമുഖൻ ആകിലും, അവനോട്
ഒന്നിയ മാരീചാദികൾ ആകിലും
ഉടൻ അവർകളെയെതിർ പൊരുതു ജയിപ്പാൻ,
ഇന്ന് ഇതിന് ആത്മജനെത്തരുവാനും
എനിക്ക് അരുത്; എന്നാൽ അതിന് ഒരുപായം
വെന്നിയൊട് ഇനിയെന്തുള്ളതും?'' എന്നു
വിഷാദത്തോടു മഹീപതി ചൊന്നാൻ. 60

ചൊന്നതു കേട്ട് അതികോപത്തോടേ
ചൊന്നാൻ മഹിരിഷി വിശ്വാമിത്രനും:
''എന്നൊടു, ചെയ്വാം എന്നാൻ മുന്നം: അത്
ഇപ്പൊഴുതേ യരുതെതിനാലേ,
മന്നവനേ! കേൾ, സൂര്യകുലത്തിനു
മറുവുണ്ടാക്കിയ പാപാത്മാ നീ–
യിന്നും ഒര് ആകുലം ഈന്നിയിരുന്നരുൾ,
ഇനജനമോട് ഇഹ; ഞാനോ പോവേൻ. 61

പോവത് എനിക്ക് എളുത്'' എന്നു കറുത്തു
പുകണ്ണു മഹാമുനി വിശ്വാമിത്രനു
ഭാവം അതീവ പകന്നതറിഞ്ഞു
ഭയത്തൊടു കൂടീ ദേവകൾ എല്ലാം
കേവലം അഖിലജഗത്തു നടുങ്ങീ
ഖേദമൊട് അവിടെ വസിഷ്ഠനും അതുകണ്ട്
'ആവത് ഇഗ് അറിയാതേ കൊടു പുത്രനെ–
യരചാ! വിശ്വാമിത്രന്ന്'' എന്നാൻ. 62

എന്ന വസിഷ്ഠനിയോഗത്താലെ–
യിതമൊടു രാമനെയും ലക്ഷ്മണനെയും
അന്ന് അനുരാഗാൽ ആശ്ലേഷം ചെയ്ത്
അവനീപതി മുനിവരനു കൊടുത്താൻ;
വെന്നിയൊട് അവർകളെയും കൈക്കൊണ്ടു
വിരന്ത് അനുവാദം കൊണ്ടവയോദ്ധ്യയിൻ–
നിന്നു കുമാരരുമായെഴുന്നരുളീ
നിരുപമനാകിയ വിശ്വാമിത്രൻ. 63

അൻപൊടു സരയൂതീരം പുക്കളവ്,
അരചകുമാരരൊട് അറിയിച്ചാൻ മുനി:
''മുൻപു പിതാമഹ നിർമ്മിതവിദ്യാ–
മുഖ്യകളാം അതിബലയും, ബലയും
വൻപൊടു പൈദാഹാദികളാൽ ഒരു
ബാധ വരായ്‌വാൻ അറിക്, അതിനാലേ
വൻപുകഴുണ്ടാം എന്നതു കേട്ടു
മഹീപതിസുതര് അവനോട് അത് അറിന്താർ.

അറിവുററ് ഉടനേ പോയൊരു ദേശം
അണഞ്ഞളവ് അരചകുമാരൻ ഉരത്താൻ:
''അറിയിച്ചരുളുക ദേശമിതേത് എന്ന്?''
അതുകേട്ട് അമ്മുനിയരുളിച്ചെയ്താൻ:
''അറിയാതേ പുരവൈരിയെയന്ന് എ–
യ്തതിനാൽ വെന്തിവിടെ വെണ്ണീറായ്
തറമേൽ അംഗം അനംഗനു വീണിതു
സഹസാ; ദേശവും 'അങ്ഗം' ഇത് അതിനാൽ.

അതിപുണ്യം കാമാശ്രമപദം ഇത്;
അതീവ പുരാണമഹാമുനിമാർ പലർ
ഇത'കാണാ' തപസാ നില്ക്കുന്നതും:
ഇവിടെ വസിപ്പോം ഇന്ന് ഇനി നാമും:
വിധിയാൽ അവർകളെയടിതൊഴുകെ'' ന്നാൻ
വിശ്വാമിത്രനും; അപ്പൊഴത് അവിടേ
മതിയാൽ അറിവുററ് ഉടനേ വന്നു
മകിഴ്ന്ത് എതിരേററിതു മഹർഷിവർഗ്ഗം. 66

മഹർഷിവർഗ്ഗമൊട് അവിടെയുറങ്ങി,
മകിഴ്ന്ത് അനുവാദംകൊണ്ടു്, ഉടനേപോയ്
വിഹഗവിബോധം ഇയന്നതുകാലം
വിരവൊടു നിത്യാചാരം ചെയ്തോ:
മഹിമയുടേ ഗംഗാനദിനടുവേ
മരുവി മഹാമുനിയൊടു ശ്രീരാമനും,
'ഇഹ ജലഭേദസമുത്ഭവശബ്ദം
ഇതെന്ത് അതിശയമായ്'' എന്നു് അരുളം-
ചെയ്താൻ. 67

''താൻ ആദിയിൽ നിർമ്മിച്ചാൻ മനസാ
സരസിജസംഭവൻ അഴകിയ പൊയ്കയെ;
'മാനസം' ആയിതു പുനര് അതിനാൽ ഇതു
മഹിമയുടേ കൈലാസം തന്മേൽ;
മാനിതയായിതിൽനിന്നേയൊഴുകി-
വരുന്നിത് അയോദ്ധ്യചുഴന്നേ സരയു;
വാനവർനദിയോടു് അതു തട്ടുകയാൽ
വന്നിതു ഘോഷവും'' എന്നാൻ മുനിവൻ. 68

മുനിവരനരുളാൽ അരചകുമാരർ
        മുതിർന്ന മഹാനദികളെ വന്ദിച്ചാർ
കനിവൊടു; ഗംഗകടന്നതുകാലം
        കാകുൽസ്ഥൻ തിരുവടി മുനിയോടേ
''വനം ഇത് അതീവഭയങ്കരം എന്ത് ഇഹ?
        വഴിയേയറിയിക്ക്'' എന്നതിന് അവനും:
''ജനപദമിത് വനമായതു, കേൾ, ഇഹ
        ദശരഥതനയാ!'' എന്നറിയിച്ചാൻ 69

''അറിവ് ഏറുന്നൊരു വൃത്രനെ വധംചെയ്ത്
        അതിപാപത്തോട് അന്നു പുരന്ദരൻ
അറിയാതേ കുത്രാപി വസിച്ചാൻ,
        അമരാവതിയും അകന്നു തുലോം നാൾ:
തിറമായ് അവനുടെ പാപം കളവാൻ
        ദിവ്യമുനീശ്വരർ ഇവിടെയിരുത്തീ
കുറയാതേ കലശങ്ങൾ ജപിച്ചു
        കുതുഹലമായ് അഭിഷേകം ചെയ്താർ. 70

ആർത്തിയോട് അംഗമലാദികൾ പോയവ-
        നന്തരം അമലനും ആയാൻ ഇന്ദ്രൻ;
പേർത്തു മലാദികൾ ഇവിടെത്തങ്ങിയ-
        പിമ്പു പുരന്ദരൻ അരുളിച്ചെയ്താൻ:
''ഗാത്രമലം മമ തങ്ങുകയാൽ ഇവ,
        കാലവിശേഷവും ഊന്നി, യശസ്സൊടു
ധാത്രിയിൽ മലദകരൂശാ ഖിതി ധന-
        ധാന്യസമൃദ്ധിയും ഉണ്ടാകെ''ന്നേ. 71

എന്ന പുരന്ദരവാകൃത്താൽ അഴക്–
ഏറിയ ജനപദമാം ഇവ രണ്ടും
വെന്നിയൊട്ടളവായ് നിന്നതുകാലം,
ബലമുട യക്ഷി വിരോധം ചെയ്തേ,
നന്നിയൊഴിന്ത് ഉടൻ അവരവരേ പോയ്
നാനാദേശാന്തരമേ പുക്കാർ;
അന്നു തുടങ്ങി മഹാവനം ആയിത്
അവർക്കൊരു ഭവനവും'' എന്നാൻ മുനിവൻ. 72

''മുനികുലവരനേ! യക്ഷിയുടെ ബല–
മുഖ്യതയുണ്ടായതിന് ഒരു കാരണം
ഇനിയരുളിച്ചെയ്ക''ന്ന കുമാരനൊട്
'ഇതുകേൾ' എന്ന് അറിയിച്ചാൻ മുനിവൻ,
''കനിവൊട്ട യക്ഷൻ പണ്ടു സുകേതുവും
കമലോത്ഭവനൊട് ഇരന്നാൻ പുത്രനെ;
'ഇനിയൊരു പുത്രി നിനക്ക് ഉണ്ടാകെ'ന്ന്
ഇതമൊട്ട നാന്മുഖൻ അരുളിച്ചെയ്താൻ. 73

ആനകൾ ഈരഞ്ഞൂററിനുടേ ബലം
അഴകൊട് അവൾക്കുണ്ടാകെന്നാൻ അയൻ;
ആനതിനാലേ വന്നു പിറന്നാൾ
അനുപമതാടകയാകിയ പുത്രിയും;
ഊനം ഒഴിന്ത് അവളെ കൈക്കൊണ്ടാൻ
ഉടനേ സുന്ദാസുരൻ; അതു കാലം
ദീനതയിന്നിയിവൾക്കൊരു സുതനായ്
തിറമൊടെ മാരീചനും ഉളനായാൻ. 74

ആയിത്തു സുന്ദാസുരമരണം: പുനര്
ആത്മജരോടും അഗസ്ത്യസമീപേ
പോയ് ഇടർ ചെയ്കതിന് അവളെയഗസ്ത്യൻ,
'പുരുഷാദിനിയാകെ'ന്നു ശപിച്ചാൻ,
മായകളും ഈടിയ നിശിചരൻ ആയാൻ
മാരീചനും അവനുടെ ശാപത്താൽ:
ആയിത്തു ജനപദം അടയ മഹാവനം
അവളും ഉപരോധം ചെയ്കയിനാലേ. 75

എന്നാം പാപസമാചാരം ഇനി–
യേതും വൈകാതെ കൊൽകതിനാൽ
ഊനവും ഉണ്ടാകാ,ദുഷ്ടാനാം
ഉപരോധം ചെയ്‌വതു നൃപധർമ്മം:
വാനവരധിപതി കൊന്നാൻ പണ്ടൊരു
മന്ഥരതന്നെ വസുന്ധരമൂലം:
മാനമൊടേ ഭൃഗുപത്നിയെ വിഷ്ണു
വധ ചെയ്താൻ പിഴചെയ്കയിനാലേ.'' 76

എവം ഉരത്തരുളിയ മുനിവരനോട്
ഇനകുലതിലകനും അരുളിച്ചെയ്താൻ:
'കേവലം ഇഹ നിന്നരുവടി ചൊന്നതു
കേൾപ്പോം താതനിയോഗത്താലും'
'പോവിതു നാം ഇനി ഇതുവഴി' എന്നേ
പൊലിവൊടു ചെറുഞാണൊലിചെയ്തളവേ
ദാവനിവാസിനിയാകിയ താടക
ദാരുണവേഷമൊട് ഓടിയണന്താൾ. 77

അണന്തൊരു നീലമഹാമേഘംപോൽ
അലറിയതീവഭയം വരുമാറേ
നിണം കലരും കടൽമാലയണിന്തു
നിലാവിലകം പിറഃപോൽ എകിറോടും
ഉണന്ന ചിനത്തൊടു മായകരം എല്ലാം
ഉടൻ അവരം ചെയ്യുവയെയ്യുകൊടുത്തു,
വണങ്ങിമുനീന്ദ്രനെയവനരുളാലേ,
മനുകുലനായകൻ അവളുയിർകൊണ്ടാൻ. 78

ആനന്ദത്തൊടു വിശ്വാമിത്രനും,
ആശ്ലേഷം ചെയ്യ്, അരചകുമാരനു,
വാനവരധിപതിയരുളാൽ അവിടേ
വകവക ദിവ്യാസ്ത്രങ്ങരം അനത്തും,
താൻ ഉപസംഹാരാസ്ത്രങ്ങളൊടു,
തപോബലമുടയ ഭൃശാശ്വനൊട് ആദിയിൽ
ഊനം ഒഴിന്ത് അറിവുററവയെല്ലാം,
ഉപദേശിച്ചാൻ ഒന്നൊഴിയാതേ. 79

തേയാബലമുടെ ദശരഥരാമനു
തിറമൊടു കാണായിതു പലമൂർത്തികരം–
ആയേ ദിവ്യാസ്ത്രങ്ങളെയെല്ലാം
അപ്പൊഴുതേ; പുനര് അരചകുമാരൻ:
''പോയാൽ വരുവിതു നിങ്ങരം എനിക്കൊരു
പോര് ഉണ്ടാം നാരം'' എന്ന് ഉടനേ വിട–
യായേയവർകളെയേകി, മുനീന്ദ്രനൊട്–
അവിടെ വസിച്ചാൻ അനുജനുമായേ. 8)

അനുഗതരു് ആകിയ രാജകുമാരരൊടു്
അറിയിച്ചാൻ മുനി പിറേറന്നാൾ, ഒരു
വനഭുവി ചെന്നതുകാലം:–,ഇതെല്ലോ
വാമനദേവാശ്രമപദം' എന്നേ;
;ഇനിയിതു സിദ്ധാശ്രമം ആകുന്നതും;
ഇവിടെത്തപസാ സിദ്ധനും ആയാൻ
പുനരു് അവൻ; അതിനാൽ നമ്മുടെയാശ്രമ–
ഭൂമിയും ഇന്നു് ഇതു: പയറികെ,,ന്നേ. 81

എന്ന മഹാമുനിയാശ്രമമേ പുക്കു്,
ഇനിയ മഹാക്രതു രക്ഷിപ്പാനായ്
നിന്ന കുമാരനിയോഗത്താലേ,
നിരുപമയാഗാരംഭം ചെയ്യാൻ
ചെന്നിതു നാലഞ്ചാറു ദിനങ്ങൾ;
ജഗത്രയമൊക്കെ നടുക്കിയുഴററോടു്
അന്നുസുബാഹുവിനൊടു മാരീചനും
അംബരമാർഗ്ഗേ വന്നുളരായാർ. 82

വന്നു നിശാചരപുംഗവർ വേദിയിൽ
വരിഷിച്ചീടിന രുധിരം കണ്ടേ,
ഉന്നതശോകഭയാധികളോടേ–
യോടീ മുനിശിഷ്യാദികളെല്ലാം!
'എന്നേ കഷ്ടം ഇതു്!' എന്നൊരു ബാണം
എടുത്തു തൊടുത്താൻ—മാനവം അസ്ത്രം
തന്നേ–മുനിവൊടു ദശരഥരാമൻ
സഹസാ മാരീചനെ വധ ചെയ്‌വാൻ. 83

വാനവർ കാണ മഞ്ഞുടനേപോയ്
　　മാരീചനും, അലയാഴിയിൽനടുവേ
ദീനതയായ് മരിയാതേ വീണാൻ;
　　നിന്ന സുബാഹുവിനെയും അപ്പൊഴുതേ
ഊനം ഒഴിന്ത് ആഗ്നേയാസ്ത്രത്താൽ
　　ഉയിർകൊണ്ടാൻ; പൊരുത് അവിടെ നിശാ–
സേന നശിച്ചിതു വായവ്യാസ്ത്രം [ചര–
　　ജഗതീപതിസുതൻ എയ്തതിനാലേ. 84

അതിനാലേയൊരു സങ്കടം ഇന്നി–
　　യടുത്തവ ചെയ്തു മുടിച്ച മഹാമുനി
വിധിയാൽ അരചകുമാരന്മാരെ
　　വിരന്ത് ആശ്ലേഷം ചെയ്ത് അരുളം ചെയ്താൻ:
''ചതികെടെ രാക്ഷസരോട് അമർചെയ്ത് ഇതു
　　സാധിപ്പിച്ചതു വിസ്മയം; എന്നാൽ
അതിസുഖമായ് ബലവീര്യാദികളോട്
　　അവനിയിൽ വാഴ്കതുലോംനാം'' എന്നേ. 85

എന്ന മഹാമുനി വിശ്വാമിത്രനൊട്
　　''എന്ത് ഇനിയെന്നാൽ വേണ്ടുവത്?'' എന്നേ
നിന്ന കുമാരൻ ഇരാമനെ നോക്കി
　　നിരൂപിച്ച് അരുളിച്ചെയ്താൻ മുനിവൻ:
''നന്ന് ഉരചെയ്തതു; നീ കാരണമായ്
　　നന്മ വരും ഭുവനത്തിനും, എന്നാൽ,
ഇന്ന് ഇനിവേണ്ടുവത് എന്നൊട പോരുക–
　　യിനിയ വിദേഹപുരത്തിന്നായേ. 86

പുരത്തെയെരിത്തവനുടയ ധനുസ്സു,
പുരാതനം, അമരകളാലെ ദത്തം,
ഇരിപ്പുതു ജനകപുരത്തിൽ ഇദാനീം,
ഇനിയ ജലാദികളാൽ അർച്ചിതമായ്;
ഒരുത്തരും അതിനെ നിറച്ചു വലിപ്പവർ
ഉണ്ടായവർകളിൽ ഇല്ലതു; നിങ്ങൾ
കരുത്തോടു കാണ്മാനായേ പോരുക;
കാണാം അവനുടെ യാഗവും'' എന്നേ. 87

എന്ന വിശേഷം അറിഞ്ഞൊരു കൗതുകം
ഈടിയ രാജകുമാരരും ആയേ,
ചെന്നു മഹാമുനി വിശ്വാമിത്രൻ
ചെമ്മേ ശോണാതീരം പുക്കാൻ:
അന്നു വസിച്ചാൻ അവിടേ രാത്രിയിൽ
അനുപമരായ മുനീന്ദ്രരും ആയേ;
ഒന്നൊഴിയാതേ കുശവംശോത്ഭവം
ഉരചെയ്താൻ മുനി രാഘവനോടേ:

''അവനിയിൽ മുൻപു ചതുർമ്മുഖനന്ദനൻ
ആയ്യളനായാൻ, കേൾ, കുശൻ എന്നൊരു
തവം ഉട ഭൂപതി; പുനര് അവന് ഔരസ-
തനയന്മാർ നാൽവരും ഉളരായാർ;
അവർ, കൗശാംബി, മഹോദയ–ധമ്മാ–
രണ്യ–ഗിരിവ്രജം എന്ന പുരങ്ങൾക്ക്
ഉവവിയൊട് അടവേ നാഥന്മാരായ്
ഉത്തമഗുണമോടേ പാലിച്ചാർ. 89

പാലിച്ചവർകളിൽ ഇളയവനാം വസു
പരിപാലിച്ച ഗിരിവ്രജപുരം ഇതു;
നീലമഹാഗിരിപഞ്ചകം ഇതു, കാൺ,
നിറമിയലും പ്രാകാരംപോലേ;
പാലൊളിചേർ മാഗധിനദിയിവിടെ-
പ്പർവതപഞ്ചകസംഭവയായേ
ചാല നിറന്നുണ്ടായതിനാലേ,
ചരതം, മാഗധമായതും ഇവിടം. 90

ആയതമാനസരായ കുശാത്മജർ
അപരന്മാർ മൂവരിൽ നടുവേയുള്ളൻ
ആയ മഹീപതി കുശനാഭനു പുനര്
ആത്മജമാർ നൂററുവര് ഉളരായാർ:
പോയ് അവർകളും അടവിയിൽ വിളയാടിയ
പൊഴുത് അവരൊടു 'മമ വശരാകെ'ന്നേ,
വായു വിരന്നതു കേട്ടു ചിരിച്ച് 'ഇതു
വഴിയല്ലെ'ന്നാർ കന്യകമാരും. 91

മാരുതദേവനും അതിനു മുനിന്ത് ഒരു
മാത്രയിൽ അവർകളുടേ ഗാത്രങ്ങളെ
നേര് ഇയലാവക ചെയ്തു മറഞ്ഞാൻ
നിഖിലജഗന്മയനായ മഹാത്മാ;
വീരതരൻ കുശനാഭന് അവസ്ഥ
വിഷാദത്തോട് അറിവിച്ചാർ പുത്രികൾ.
'പോരും; അടങ്ങുക നല്ലതിത് എന്നു,
പുരാകൃതകർമ്മം ഇത്'' എന്നാൻ അവനും, 92

എന്നവൻ അറിവുററാൻ അഞ്ഞൊരു മുനി–
യിതമൊട ചൊല്ലുകയാലേ സോമദ–
യെന്നൊരു ഗന്ധർവസ്ത്രീ പെററ്അവ–
നീപതിയാകിയ മുനിദത്തനെയും;
നന്നു കൊടുപ്പത് ഇവന്നിനിയെന്നു
നരേന്ദ്രനും ആത്മജമാർ നൂററുവരേയും
അന്ന് അവനെന്നു കൊടുത്താൻ;അതിനാൽ
അംഗവികാരം ഒഴിഞ്ഞിത് അവക്കും 93

ഇതുകാലം തവ പുത്രരും ഉണ്ടാ–
കെന്ന പിതാവിൻ അനുജ്ഞയിനാലേ,
മതിനലമുട കുശനാഭനു സുതനായ്
മഹിമയുടേ ഗാധിയും ഉളനായാൻ,
അധികഭുജാബലമോട് അവനീപതി–
യാകിയ ഗാധിയുടേ തനയൻ ഞാൻ
വിധിവഴിയാലേ ചെയ്ത തപസ്സൊട
വീരതരാ! മുനിമുഖ്യനും ആയേൻ. 94

മുഖ്യതരാകൃതി സത്യവതീ മമ
മുൻപുള്ളാകിയ സോദരിയററി നീ,
തക്ക തപോബലം ആളും ഋചീക–
തപോധനനൻ അന്ന് അവളെക്കൈക്കൊണ്ടാൻ;
ഒക്കവെനോട വസിച്ചു തുലോം നാൾ
ഉടനേ പോയ് അമരാവതി പുക്കാൾ;
മിക്കമെഹാകൗശികിനദിയാകിയ
വേഷംകൊണ്ട് അവനിയിലും പുക്കാൾ, 95

പുക്കവസിച്ചേൻ അവരംതീരേ ഞാൻ
പുണ്യനദീ സേവോൽസുകനായേ;
ഇക്രിയചെയ്‌വതിനായ് വന്നിപ്പൊഴുത്
ഈതമൊട്ട സിദ്ധാശ്രമവും പുക്കേൻ;
തക്ക കുശാന്വയം അറിയിച്ചേൻ തവ;
താമസിയാമൽ ഉറങ്ങുക നാം ഇനി
യൊക്കെ: വിനിദ്രതയാ വഴി പോവതിന്
ഉപരോധം വരും'' എന്നാൻ മുനിവൻ. 96

മുനിവരൻ അവർകളോട് അവിടെയുറങ്ങി
ഉതിന്ന് എതിരേ ഗംഗാനദിയരികേ
ജനമൊടുകൂടെ നടന്നതു കാലം
ജഗതീപതിസുതൻ അരുളിച്ചെയ്താൻ:
''അനുപമഭാഗീരഥികഥയെല്ലാം
അറിയിക്കെ''ന്നതു കേട്ട മഹാമുനി
''മനുകുലതിലകാ! കേരം, ജാഹ്നവിയുടെ
വരലാറ് എല്ലാം'' എന്നറിയിച്ചാൻ; 97

'അറിവുടെ മേരുതനൂജ മനോരമ-
യാകിയ ദേവിയിൽ മുൻപുളരായാർ
നെറി കുലയാത ഹിമാചലപുത്രികരം
നിരുപമയാകിയ ഗംഗയും ഉമയും;
അരം ഇലകിയ വാനുലകിനു നദിയാ-
കെന്നു് അമരകരം കൈക്കൊണ്ടാർ ഗംഗയെ;
ഉറവ് ഇതിൽമേലില്ലെന്നു ഗിരീന്ദ്രനും
ഉമയെ മഹാദേവനു കൊടുത്താൻ. 98

താൻ, അഖിലേശ്വരിയാകിയ ദേവി
തപോബലമോടുമഹേശ്വരവല്ലഭ–
യാനതുകാലം അതീവ സുഖത്തോട്–
അവളൊടു കൂടെ വസിച്ചാൻ ദേവൻ,
വാനവർ ചിന്തിച്ചാർ അതുകാലം:
'വരഗുണമുടെ ശിവശക്തികളൊന്നായ്
ഊനം ഒഴിന്തൊരു സുതനുണ്ടാകിൽ അതു്
ഉപരോധം ഭുവനത്തിന്നു്'' എന്നേ. 99

'എന്നാൽ ഇന്നിതു് ഒഴിപ്പോം എന്നു് അഴകു്
ഏറിയ കൈലാസത്തിനു ദേവകൾ
ചെന്നു് ആകുലമൊടു ശിവനു് ഉമനാഥൻ
ചെമ്മേ വീണ്ണടി തൊഴുതു് അറിയിച്ചാർ:
'ഒന്നായ് നിങ്ങളുടെ വീര്യങ്ങളും
ഒരു സുതൻ ഉണ്ടായ്‌വരിൽ, അവനാലേ
അന്നേ മുടിയും അനത്തുലകു്; എന്നാൽ
അതു ചെയ്യൊല്ലാ പരമേശാ ! നീ. 100

പരമേശാ! കാമക്രോധാദികൾ
പററു് അറവിട്ടു് ഉപശാന്താത്മാവായ്
മരുവീടുക നീ ഗൗരിയൊടു്'' എന്നു
മഹാദേവൻ തിരുവടിയരുൾചെയ്താൻ:
'സുരരേ! ചെയ്യാമിതു; പുനരു് ഇന്നു
തുളക്കം എഴും മമ വീര്യമിതു് എവിടേ
ഭരമാക്കാവിതും?' എന്നതിനു് അമരകൾ
'പാർമേൽ ആമു്'' എന്നരുളിച്ചെയ്താർ.

അരുളുട നായകൻ അതുകേട്ട് അവനിയിൽ
ആക്കിയ തേജോരൂപം ഇവർക്കൊരു
ഭാരം ഇദം എന്ന് അമരകളരുളാൽ അതു
പാവകദേവൻ ചെന്നു ഗ്രഹിച്ചാൻ;
ശരവണഭൂമിയോട് അമലമഹാഗിരി;
ധരണിയിൽ അധികമനോഹരമായ
പരഹരവീര്യവിഭാഗം കൊണ്ടു–
പ്പൊഴുതുണ്ടായിതു ഭൂപതിതനയാ. 102

'തനയന്മാർ ഉണ്ടാകൊല്ലാ നിജ–
ദാരങ്ങളിൽ നിങ്ങൾക്ക്,' എന്ന് അമരരെ
മനസാ ഗൗരി ശപിച്ചാൾ, സന്തതി
മാററിയതിന് അതികോപത്തോടേ;
'ഇനി നീ ബഹുജനഭാര്യയും ആയേ,
ഏതാകിലും ഒരു പുത്രവിനാശം
തനിയെക്കണ്ട് അനുശോകിക്കെ'ന്നേ
ശാപംചെയ്താൾ അവൾ അവനിയെയും, 103

അവനിയിലും വാനുലകിലും അഴിനില –
യായിതു താരകദൈത്യബലംകൊണ്ട്;
അവിടെയതിന്നൊരുപായവും അമരരൊട്
അരുളിച്ചെയ്താൻ അജൻ അഖിലേശൻ:
'ശിവനുടെ ബീജം പണ്ടു വഹിച്ചതു
ചെമ്മേ ഗംഗയിൽ ആക്കുക പാവകൻ;
അവളിൽ അനന്തരം ഉണ്ടാമൊരു സുതൻ
അവനാൽ അസുരനെ വെല്ലാം, എന്നേ. 104

എന്നതു കേട്ട് അതു ചെയ്താൻ അഗ്നി;
എടുക്കരുതായിതു ഗർഭമിതെന്നേ
ചെന്നു മഹാനദി പനിമലയരികേ
ചെമ്മേ ശരവണദേശേ പെററാൾ;
അന്നതിനാലേ മോഹിച്ചാൾ അവൾ;
അപ്പൊഴുതേ കാർത്തികമാര് അറുവരും
'ഇന്നിവൻ ആത്മജനാകിൽ എനിക്കിനി–
യിതമുണ്ടാം' എന്നവർ ചിന്തിച്ചാർ; 105

'ചാരെച്ചെന്നിനി നാം അറുവരുമായ്
ചപലതയീന്നിയടൈത്താലതിൽ, മുമ്പ്
ആരെപ്പരുകുവിത് ഏവൾ മുലപ്പാൽ?
ആത്മജനാകുവിത് അവൾക്കിവൻ,' എന്നേ
നേരൊത്തവർകൾ എടുത്തതുകാലം
നിരുപമബാലകൻ അറുമുഖനായേ
പൂരിച്ചാൻ മുലയൊക്കെ നുകർന്നേ
പുനര് അവർ ചിന്തയും ആത്മോദയവും. 106

മോദമൊടവൻ അമരർകൾ സേനാപതി–
മുഖ്യനും ആയാൻ: അന്നവനാലേ
ബാധകൾ ചെയ്ത നിശാചരർ പട്ടാർ;
വന്നിതു പരമാനന്ദം എവർക്കും;
നീതി പെരുത്ത കുമാരോത്ഭവം ഇതു
നൃപസുതരേ! യറികെ'' ന്ന മഹാമുനി;
ആദിയിൽ അമരമഹാനദി ഭൂമിയിൽ
ആയപ്രകാരവും അരുളിച്ചെയ്താൻ: 107

# ടിപ്പണം

പാട്ട് 1. പ്രാചീനകവികൾ കാവ്യമാരംഭിക്കുന്നതു് മംഗളാചരണത്തോടുകൂടിയാണ്. ഇവിടെയാകട്ടെ പരമാത്മവന്ദനത്തോടെ രാമൻ കാവ്യാരംഭം കുറിക്കുന്നു. മലയൻകീഴ്മാധവന്റെ ഗീതയും വെള്ളാങ്ങല്ലൂർ ശങ്കരന്റെ ഭാരതമാലയും ഇതേമട്ടിലുള്ള പരമാത്മവന്ദനത്തോടെയാണു തുടങ്ങുന്നതു്. ഈയൊരു സാമ്യമാണ്, ചിലരെ, ഒരു നാട്ടുകാരും വീട്ടുകാരും ആണിവരെല്ലാം എന്ന് അനുമിക്കുന്നതിനു പ്രേരിപ്പിച്ചിട്ടുള്ളതു്.

ആനന്ദാമൃതസാരവും അരൂപവും എല്ലാ ലോകങ്ങളിലും നിറഞ്ഞുനില്ക്കുന്നതും ആദ്യന്തവിഹീനവും സർവ്വചരാചരങ്ങൾക്കും അടിസ്ഥാനരൂപവും ചിന്തകൊണ്ടറിയാനരുതാത്തതും ശ്രേഷ്ഠമായ വേദങ്ങളുടെ സാരവും ഒരുനാളും നാശമില്ലാത്തതുമായ പരബ്രഹ്മത്തെ ഞാനിതാ വന്ദിക്കുന്നു.

ഇവിടെ കൊടുത്തിരിക്കുന്ന പരബ്രഹ്മവിശേഷണങ്ങളെല്ലാം അർത്ഥസമ്പുഷ്ടവും ചിന്തോദ്ദീപകവും ആണ്. ''വിഭും ചിദാനന്ദമരൂപമത്ഭുതം'' (കൈവല്യം), ''തദ്ബ്രഹ്മംതദമൃതം'' (ഛാന്ദോഗ്യം) എന്നീ ഉപനിഷത്പ്രയോഗങ്ങളെ അനുസ്മരിപ്പിക്കുന്നവയാണല്ലോ 'ആനന്ദാമൃതസാരമരൂപം' എന്ന സ്തുതി. ഇല്ലാത—ഇല്ലാത്ത എന്ന ആധുനികപ്രയോഗത്തിന്റെ പ്രാചീനരൂപം. മാമറ—മഹത്തായ വേദം. ദിവ്യാത്മാനം—ദിവ്യാത്മാവിനെ; പരമാത്മാവിനെ.

നിരണംകവികൾ ഉപയോഗിച്ചിട്ടുള്ള പല വൃത്തവിശേഷങ്ങളും പിന്നീട് നിരണംവൃത്തങ്ങൾ എന്നറിയപ്പെട്ടു. നിരണംവൃത്തങ്ങളുടെ കൂട്ടത്തിൽ ഏററവും പ്രധാനപ്പെട്ട ഒന്നാണ് ഈ പാട്ടിൽ കാണാവുന്നതു്. ഓട്ടൻതുള്ളലിൽ ധാരാളമായി കാണുന്ന തരംഗിണിയുടെ ഇരട്ടിച്ച രൂപമാണ് ഇതെന്നുപറയാം. അതായതു്, മുപ്പത്തിരണ്ടുമാത്ര വീതമുള്ള നാലുപാദം ഒരു പാട്ട്. മിക്ക പാട്ടുകളിലും 'അന്താദിപ്രാസം' ദീക്ഷിച്ചിരിക്കുന്നു. അവസാനപദംകൊണ്ടുതന്നെ അടുത്ത പാട്ടാരംഭിക്കുന്നതാണ് ഇതിന്റെ പ്രത്യേകത. ഉദാഹരണമായി ഒന്നാം പാട്ട് 'വന്ദിക്കുന്നേൻ' എന്നവസാനിക്കുന്നു. രണ്ടാംപാട്ട് 'വന്ദിച്ചേൻ' എന്നാരംഭിക്കുന്നു. ലീലാതിലകത്തിലെ പാട്ടിന്റെ ലക്ഷണത്തിനു നിരണംകവികളുടെ കാലമാകുമ്പോൾ വരുന്ന മാററം ശ്രദ്ധിക്കുക.

2. ഇഷ്ടദേവതാപ്രീണനപരമായ ഈ പാട്ടിൽ ഗണപതി, സരസ്വതി, ശിവൻ എന്നിവരെ സ്തുതിച്ചിരിക്കുന്നു. ശിവപ്രേരണയാൽ മന്ദപ്രജ്ഞന്മാർക്കു അറിവാനായി ശ്രീരാമകഥ വർണ്ണിക്കുന്ന കവിയുടെ

വിനയം പ്രകടമായിട്ടുണ്ട്, ഇവിടെ. ഈ പാട്ടിൽ അനുസ്മരിച്ചിരിക്കുന്ന ശിവൻനിരണത്തമരും തൃക്കപാലീശ്വരൻതന്നെ ആയിരിക്കണം.

3. വാല്മീകിരാമായണത്തിന്റെ പുനരാവിഷ്കാരം വല്ലാതായാൽ ക്ഷമിക്കണമെന്നുള്ള പ്രാർത്ഥന കവിയുടെ വിനയത്തെ വീണ്ടും പ്രഖ്യാപിക്കുന്നു. ഗരുഡൻ ഉയൎന്നുപറന്ന അതേ ആകാശത്തിൽ മററൊരു മക്ഷിക തന്നാലാവതു പൊങ്ങുവതിനു് ആരുംതന്നെ കോപിക്കുക ഇല്ലല്ലോ. ഈ അർത്ഥാന്തരന്യാസത്തിന്റെ ഭംഗി പറഞ്ഞറിയിക്കേണ്ടതില്ല.

4-5. നാലാംപാട്ടിൽ ബ്രാഹ്മണരെ വന്ദിക്കുന്നു; അടുത്തതിൽ തന്റെ പ്രവൃത്തിയെ സാധൂകരിക്കുന്നു.

6. മുമ്പിൽ കണ്ട അഞ്ചുപാട്ടും കണ്ണശ്ശരാമായണത്തിന്റെ മുഖവുരയെന്നു കരുതണം. ആറാംപാട്ടിൽ വാല്മീകിരാമായണത്തെ അനുപദം തുടരുന്ന ഭാഷാകാവ്യം ആരംഭിക്കുന്നു. 'ആരേയുള്ളർ സകല ഗുണങ്ങളും ഉടയവർ' എന്ന ചോദ്യത്തിൽ മൂലഗ്രന്ഥത്തിലെ നാലു ശ്ലോകം അടങ്ങിയിരിക്കുന്നു. ഇനിയ—ആദ്യത്തെ (മധുരമായ എന്നും അർത്ഥമുണ്ടു്). ഇതറിയ—ഇതറിയുന്നതിനു്.

മൂലഗ്രന്ഥത്തിൽ നാരദൻ രാമകഥ സംക്ഷേപിച്ചു പറയുന്നതായി കാണാം. എന്നാൽ കണ്ണശ്ശൻ അവനുടെ ചരിതം സംക്ഷേപിച്ചുരപെയ്താൻ മുനിവൻ' എന്ന ഒരു പ്രയോഗത്തിൽ അതു മുഴുവനും ഒതുക്കിക്കളഞ്ഞു. നൂറു ശ്ലോകമുള്ള ഒന്നാംസർഗ്ഗം ഇവിടെ ഒരു പാട്ടായി മാറി. കണ്ണശ്ശന്റെ സംഗ്രഹപാടവം അന്യാദൃശംതന്നെ. രാമചരിതം വിസ്തരിച്ചു പറയുമ്പോരം അതിനുമുമ്പൊരു കഥാസംക്ഷേപം വേണ്ട എന്നു വച്ചതു് ഉചിതമായി.

7-10. രണ്ടും മൂന്നും സർഗ്ഗങ്ങളിലെ കഥ (113 ശ്ലോകം) നാലു പാട്ടിൽ സംഗ്രഹിച്ചിരിക്കുന്നു. 'മാ നിഷാദ' എന്നാരംഭിക്കുന്ന ആദ്യശ്ലോകത്തിന്റെ ചരിത്രം, ബ്രഹ്മാഗമനം, രാമായണകഥാരചന, ലവകുശന്മാർ അതുംപാടി അയോദ്ധ്യയിൽ പ്രവേശിക്കുന്നതു് ഇത്യാദി കഥാഭാഗങ്ങളാണു് ഈ പാട്ടുകളിൽ. ആരണം—വേദം. അയൻ—അജൻ; ബ്രഹ്മാവു്. ആരിഷം—ആർഷം: ആര്യം.

11-13. ഇനിയാണു് ശരിക്കും രാമായണകഥാരംഭം. ഇതുവരെ അതിന്നൊരവതാരികയാണു് നാം കണ്ടതു് അയോദ്ധ്യാവൎണ്ണനം തുടങ്ങി മനുകുലജാതനായ ദശരഥന്റെ അനപത്യതാദുഃഖംവരെയുള്ള മൂന്നു സർഗ്ഗം മൂന്നുപാട്ടിലായി ചുരുക്കിയിരിക്കുന്നു. നലമൊടു്—സാമർത്ഥ്യത്തോടുകൂടി സമരായ്—സമന്മാരായി. തളരായ്നിന്ന—തളൎന്ന.

14. യജ്ഞനിശ്ചയമാണു് ഈ പാട്ടിലെ പ്രമേയം. അരിയ—അസാധാരണമായ. ക്രതു—യാഗം. വിവേകിച്ചു്—കണ്ണശ്ശന്റെ വിജാതീയപ്രയോഗങ്ങളിൽ ഒന്നു്: വിവേകപൂർവ്വം എന്നർത്ഥം.

15. സുമന്ത്രർ സനൽകുമാരൻ പറഞ്ഞറിഞ്ഞ കാര്യം ഉപദേശിക്കുന്നു (ഒമ്പതാം സർഗ്ഗം). ഋശ്യശൃംഗനെ വരുത്തി യാഗം കഴിപ്പിക്കണമെന്നാണു് നിർദ്ദേശം.

**16-20.** അംഗരാജ്യത്ത് മഴയില്ലാതായതും ഋശ്യശൃംഗനെ കൗശലം പ്രയോഗിച്ചു വരുത്തിയതുമായ ചരിത്രം ചുരുക്കി പറയുന്നു. ആ മുനിയെ യാഗനേതൃത്വമേല്പിക്കണമെന്നാണ് സുമന്ത്രരുടെ ഉപദേശം. ഒണ്ണുതലാർ—സുന്ദരിമാർ. (ഒം+നുതൽ+ആർ—നല്ല നെററിയുള്ളവർ.) നുതൽ—നെററി. അപൂപം—അപ്പം. (മഹാപൂപം—മഹാ+അപൂപം.) ചരതം—സത്യം.

**21.** ഋശ്യശൃംഗാനയനം എന്ന പതിനൊന്നാംസർഗ്ഗത്തിലെ 30 ശ്ലോകമാണ് ഈ ഒരൊററ പാട്ടിൽ സംഗ്രഹിച്ചിരിക്കുന്നത്. കടുക—വേഗം.

**22, 12, 13, 14** എന്നീ സർഗ്ഗങ്ങളിലെ കഥ വളരെ ചുരുക്കിയിരിക്കുകയാണ് കണ്ണശ്ശൻ. വസന്താരംഭത്തിൽ സരയൂതീരത്ത് യാഗമാരംഭിക്കുന്നു. ഇതം—ഹിതം. ഇയററി—ഉണ്ടാക്കി: ചെയ്തു. ഹയമേധം—അശ്വമേധം. അനത്ത്—എല്ലാം.

**23-24.** രാവണന്റെ ഉപദ്രവം സഹിക്കവയ്യാതെ ദേവന്മാർ പാലാഴിയിൽ ചെന്നു സങ്കടം പറയുന്നതായി കണ്ണശ്ശൻ എഴുതി. ഹവിർഭാഗം സ്വീകരിക്കാൻ വിഷ്ണു യാഗശാലയിലെത്തുമ്പോഴാം പറയുന്നതായി വാല്മീകി.

**25-28.** ഇവിടെക്കൊടുത്തിരിക്കുന്ന അച്യുതസ്തുതി കവിയുടെ സ്വന്തമാണ്. വിഷ്ണുവിന്റെ അവതാരങ്ങളോരോന്നും എടുത്തെടുത്തു സ്തുതിക്കപ്പെട്ടിരിക്കുന്നത് കവിയുടെ ഭക്തികൊണ്ടാണെന്നു സ്പഷ്ടം. വാരാകരം—പാരാവാരം; സമുദ്രം. കുറളായ്—വാമനനായ്. തുട—തവണ. നന്നി—നന്മ (നൻറി എന്ന തമിഴ്‌രൂപം). അഴൽകെട—അഴൽ കെടത്തക്കവണ്ണം.

**29-35.** ചേൺ—ഭംഗി. സാമ്യതിലാത—സാമ്യമില്ലാത്ത. അറനെറി—ധർമ്മമാർഗ്ഗം. അഴിഞ്ഞത്—നശിച്ചത്. നികരാമവർ—തുല്യരായവർ. അവരോധം—അന്തഃപുരം. 'കാണ്മതിനായ് വന്നതിനു വല്ല കാര്യവിശേഷവുമുണ്ടോ' എന്നുള്ള വിഷ്ണുവിന്റെ ചോദ്യത്തിനു ദേവന്മാർ നല്കുന്ന മറുപടി. രാവണന്റെ പരാക്രമങ്ങളാം സംഗ്രഹിക്കുന്നതിലും വിശദമാക്കുന്നതിലും എല്ലാം ഔചിത്യവേദിയായ കവിയെ കാണാം.

**36-37.** രാമാവതാരനിശ്ചയവും അതറിഞ്ഞ് ദാനവരുടെ അകം കളിക്കുന്നതും ഈ പാട്ടുകളിൽ പരാമർശിച്ചിരിക്കുന്നു. താനവർ—ദാനവർ. ഇടർ—ദുഃഖം. ആവി—പ്രാണൻ ഹവിരാഹരണമായ—ഹവിസ്സ് ആഹരിക്കുന്നതിനായി.

**38-41.** അശ്വമേധഫലമായി ദേവനിർമ്മിതമായ പായസം ലഭിക്കുന്നു. സന്തുഷ്ടനായ ദശരഥൻ അതു ഭാര്യമാൎക്കു വീതിച്ചുകൊടുത്തു. അങ്ങനെ 'അമരകളിടർതീർപ്പൻ' ഭഗവാൻ ജന്മമെടുക്കുന്നു. തിരുമരുവിയ തിരുമാർവ്വൻ—ശ്രീ വസിച്ച നെഞ്ചോടുകൂടിയവൻ (വിഷ്ണു).

**42.** യാഗസമാപ്തിയെത്തുടർന്ന് ദേവന്മാരും മുനിമാരും ദശരഥനും സന്തുഷ്ടരായി

43–45. വാനരോല്പത്തി ചുരുക്കിപ്പറയുന്നു. നികർ—തുല്യം. ശേഖരരായിതു—കൂട്ടമായി.

46. ശ്രീരാമാവതാരവർണ്ണനം ആയാർ അന്നു വിലഗ്നേ കർക്കട കാദിയിൽ അമരാചാര്യ ശശാങ്കർ—വ്യാഴനും ചന്ദ്രനും കർക്കടകലഗ്ന ത്തിലായി. ബുധേനവിനാ—ബുധനൊഴിച്ച്.

'ലഗ്നേ കർക്കടകേ വ്യാഴം ചന്ദ്രനൊന്നിച്ചുദിക്കവേ
പെററു കൗസല്യ പാരെല്ലാം പണിഞ്ഞ ജഗദീശനെ.'

(വാല്മീകി)

47. ഭരത–ശത്രുഘ്ന–ലക്ഷ്മണന്മാരുടെ ജനനം. പുഷ്യം—പൂയം. പന്നഗതാരേ—ആയില്യംനാളിൽ. സർപ്പനക്ഷത്രമാണ് ആയില്യം.

48–50. ഉവന്നു—സന്തോഷിച്ചു. ഇനകുലം—സൂര്യവംശം. കുട്ടിക ളുടെ ബാല്യം, വിദ്യാഭ്യാസം ഇവയെല്ലാം പ്രതിപാദിതമായിരി ക്കുന്നു. കണ്ണശ്ശൻെറ സംഗ്രഹണപാടവം ശ്രദ്ധേയം.

51–56. വിശ്വാമിത്രാഗമനം. പുത്രന്മാരുടെ വേളിയെക്കുറിച്ച് ചിന്തിച്ചിരിക്കുമ്പോഴാണ് വിശ്വാമിത്രാഗമനം. യാഗരക്ഷയ്ക്കായി ശ്രീരാമനെ അയയ്ക്കുവാനുള്ള അപേക്ഷയുമായി കൗശികൻ വന്നുചേ ന്നിരിക്കുന്നു. മൂലകൃതിയെ പിൻതുടരുകമാത്രമാണ് ഇവിടെയെല്ലാം കണ്ണശ്ശൻ ചെയ്യുന്നതു്.

57–60. വിവരമറിഞ്ഞു വിഷാദഗ്രസ്തനായ ദശരഥൻെറ ജല്പ നം. നിശാചരർതമ്മൊടു്—നിശാചരന്മാരോടു്. മുനിവൻ—മുനി. ഇടർ—ദുഃഖം.

61. വിശ്വാമിത്രൻെറ മറുപടി:

'മുൻകൂട്ടിക്കാര്യമേററിട്ടു
വാക്കുമാററാൻ നിനയ്ക്കയോ
ഈ രാഘവകുലത്തിന്നീ
വാക്കുമാററം ചിതപ്പെടാ
ഇതാവാമെങ്കിൽ നൃപതേ
പൊയ്ക്കൊള്ളാം വന്നപാടു ഞാൻ
വാക്കുതെററിച്ചു കാകുൽസ്ഥ!
കൂട്ടരൊത്തു സുഖിക്ക നീ'

എന്ന മൂലഭാഗത്തിൻെറ ശരിയായ വിവർത്തനമാണ് ഈ പാട്ടു്. ഇനജനം—ഇഷ്ടപ്പെട്ടവർ; വേണ്ടപ്പെട്ടവർ.

62–63. വസിഷ്ഠനിയോഗത്താൽ ദശരഥൻ കൗശികനൊപ്പം ശ്രീരാമലക്ഷ്മണന്മാരെ അയയ്ക്കുന്നു.

64. പൈദാഹങ്ങളകററിനിർത്തുന്നതിനുള്ള ബലയും അതിബ ലയും ശ്രീരാമലക്ഷ്മണന്മാർക്ക് മുനി ഉപദേശിച്ചുകൊടുക്കുന്നു.

65–68. അംഗദേശപരാമർശം, കാമാശ്രമപദം, ഗംഗാതരണം എന്നീ കഥാഭാഗങ്ങൾ ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു. കാണാ— കണ്ടാലും. വസിപ്പോം—വസിക്കാം. മഹിരിഷി—മഹർഷി. വാന വർനദി—ആകാശഗംഗ.

69_72. മാളവം എന്ന നാട്ട് കാടായിത്തീൎന്ന ചരിത്രം. പുരന്ദരൻ—ദേവേന്ദ്രൻ.

73_75. താടകോല്പത്തി കഥനം. പുരുഷാദിനി—മനുഷ്യരെ തിന്നുന്നവരം (രാക്ഷസി).

76. താടകയെകൊല്ലുന്നതു പാപമല്ലെന്ന് വിശ്വാമിത്രൻസമത്ഥിക്കുന്നു. എന്നാം പാപസമാചാരാം—ഈ പാപകമ്മങ്ങരം ചെയ്യുന്നവളെ. വധംചെയ്യുക—വധിക്കുക. സ്ത്രീകളെകൊല്ലുന്നതു പാപമല്ലേ എന്ന സംശയത്തിനു നിവാരണം വരുത്തുന്നതിനു് വിശ്വാമിത്രൻ രണ്ടു കഥകരം പറയുന്നു. ഭൂമിയെ നശിപ്പിക്കുന്നതിനു് ഉദ്യമിച്ച മന്ഥരയെ (വിരോചനപുത്രിയായ ഒരു രാക്ഷസി) ദേവേന്ദ്രൻ കൊന്നിട്ടുണ്ടു്. ദേവാസുരയുദ്ധത്തിൽ ദേവന്മാർ പായിച്ച അസുരന്മാക്ക് അഭയംകൊടുത്തു എന്ന കാരണത്താൽ വിഷ്ണു ഭൃഗുപത്നിയെ വധിച്ചു. അതുകൊണ്ടു് താടകയെ കൊല്ലാം എന്നു മുനി സമത്ഥിക്കുന്നു.

77. ഇനകുലതിലകൻ — സൂര്യവംശത്തിനു തിലകമായിട്ടുള്ളവൻ. ദാവനിവാസിനി—കാട്ടിൽ വസിക്കുന്നവരം.

78. അലറിപ്പാഞ്ഞുവരുന്ന താടകയുടെ വൎണ്ണന രാമപ്പണിക്കരുടെ കവിത്വശക്തിക്കും ചിത്രീകരണസാമർത്ഥ്യത്തിനും നല്ല ഉദാഹരണമാണു്. ഇലകും—ഇലകുന്ന; ശോഭിക്കുന്ന. പിറ—ചന്ദ്രക്കല. എകിറു്—പല്ലു് (ദംഷ്ട്രം). ചിനം—കോപം.

79_80. താടകയുടെ വധത്തിൽ സന്തോഷിച്ച വിശ്വാമിത്രമുനി ദിവ്യാസ്ത്രങ്ങളുപദേശിച്ചുകൊടുക്കുന്നു. ഇരുപത്തിയാറു ശ്ലോകമുള്ള അസ്ത്രോപദേശമെന്ന സർഗ്ഗം ഒരൊററ പാട്ടിലായി സംഗ്രഹിച്ചിരിക്കുകയാണു് ഇവിടെ. അസ്ത്രസംഹാരോപദേശസർഗ്ഗം അടുത്ത പാട്ടിലും.

81. സിദ്ധാശ്രമപ്രവേശം.

82. ഈ ഭാഗവും കണ്ണശ്ശൻെറ സംക്ഷേപസാമർത്ഥ്യത്തിനു തെളിവാണു്.

83_85. യാഗരക്ഷ എന്ന മുപ്പതാംസർഗ്ഗം (25 ശ്ലോകം). വരിഷിച്ചീടിന — വർഷിച്ചതായ. മുനിവൊടു്— കോപത്തോടുകൂടി. സങ്കടം ഇന്നി—സങ്കടമെന്ന്യേ; സങ്കടം കൂടാതെ. അടുത്തവ—യോജിച്ചവ.

86_87. മിഥിലാപുരിയിൽ ജനകൻ നടത്തുന്ന യാഗം കാണാനും ശിവൻെറ പള്ളിവില്ലു് ദർശിക്കുന്നതിനുമായി രാജകുമാരന്മാർ മുനിയോടുകൂടി യാത്രയാകുന്നു.

88_96. ശോണാതീരത്തെത്തി, അന്നു രാത്രി അവിടെ വിശ്രമിച്ചപ്പോരം ശ്രീരാമൻെറ ആഗ്രഹപ്രകാരം കുശൻെറ ചരിത്രം മുഴുവൻ വിശ്വാമിത്രൻ പറയുന്നു. (32, 33, 34 എന്നീ സർഗ്ഗങ്ങളിലെ കഥാസംഗ്രഹം.) ഉവവി—സ്നേഹം. ചരതം—സത്യം. ഉളരായാർ—ഉണ്ടായി. ഇതം —ഹിതം. കുശൻെറ പുത്രന്മാരായ കുശാംബൻ, കുശനാഭൻ, അസൂ

ത്തരജസൻ, വസു എന്നിവർ യഥാക്രമം കൗശാംബി, മഹോദയം, ധർമ്മാരണ്യം, ഗിരിവ്രജം എന്നീ നഗരങ്ങൾ പണിയിക്കുകയും അതാതിന്റെ നാഥന്മാരായി തീരുകയും ചെയ്തു.

97–98. ''കേൾക്കേണം ഭഗവാനേ മു-
വ്വഴിപോം ഗംഗതൻ കഥ'' എന്ന രാമാഭ്യർത്ഥന കൈക്കൊണ്ട് കൗശികനായ വിശ്വാമിത്രൻ ഗംഗോല്പത്തി വിവരിക്കുന്നു. അറം—ധർമ്മം. അമരകൾ—അമരന്മാർ (ദേവന്മാർ). ഉറവ്—ബന്ധം (ഉറവർ—ബന്ധുക്കൾ.)

99–107. ഉമാമാഹാത്മ്യവും സ്കന്ദാവതാരവും. ഒഴിപ്പാം—ഞങ്ങൾ ഒഴിവാക്കുന്നുണ്ട്. അനത്തുലക്—എല്ലാ ലോകവും തുളക്കം—ഇളക്കം. ശരവണഭൂമി—(ശരവനം) ദർഭപ്പുല്ല് വളർന്ന കാട്. അരുൾ—കൃപ. പരുകുക—കുടിക്കുക. പട്ടാർ—നശിച്ചു. (പടുക—നശിക്കുക.)

INSTITUTE OF ADVANCED STUDY
50714
9.9.75
SIMLA

# അനുബന്ധം

## പ്രാചീനപദങ്ങൾ

അദ്ധ്യവസിച്ചാൻ—നിശ്ചയിച്ചു
അനൈത്തും—എല്ലാം
അനുമതൻ—അഭിമതൻ
അരുൾ—ദയ, കൃപ
അവരോധം—അന്തഃപുരം
അഴിനില—നാശം
അറം—ധർമ്മം
ആരണം—വേദം
ആർകലി—കടൽ
ഇനിയ—മധുരമുള്ള; ആദ്യത്തെ, ശ്രേഷ്ഠമായ
ഇലകുക—ശോഭിക്കുക
ഇലകും—ഭംഗിയുള്ള
ഇറപ്പ്—മരണം
ഇറവ്—നാശം
ഈടിയ—ഉള്ള; ശക്തിയുള്ള
ഈററൊലി—അനുരണനം: മാറെറാലി
ഉന്നി—അറിഞ്ഞു: വിചാരിച്ചു
ഉലാവി—ഉലാത്തി
ഉവന്നു—സന്തോഷിച്ചു
ഉവവി—സ്നേഹം
ഉറും—ഉള്ള
എയ്തുക—പ്രാപിക്കുക
ഏകി—പറഞ്ഞു
ഒണ്ണുതലാർ—സ്ത്രീകൾ (നല്ല നെററിയുള്ളവർ)
ഒല്ലാ—അരുതു്
കടുക്കനെ—വേഗത്തിൽ
കല്ലാതവർ—പഠിക്കാത്തവർ
കയൽ—ഒരുജാതി മത്സ്യം
ചരതം—സത്യം
ചിനം—കോപം
ചേൺ—ഭംഗി
തകാതു്—അനുചിതം (തക്കതല്ല)
തിടർ—ദുഃഖം: വഴിതെററൽ
തിറമെഴും—മേന്മയുള്ള
തുടം—ആവൃത്തി: തവണ
തുയർ—ദുഃഖം
തേറായ്—അറിഞ്ഞാലും
നന്നി—നന്മ (നൻറി)
നററവം— (നൽ+തവം) നല്ല തപസ്സ്
നല—നല്ല
നലം—നന്മ; സാമർത്ഥ്യം
നല്ലാർ—നല്ലവർ
നികർ—സാമ്യം
നിരപ്പിൽ—നിരയായി
പരിച്—ഏർപ്പാട്
പരുകുക—കടിക്കുക
പിനയ—പിന്നെ (പിനെ+അ)
പുരവി—കതിര
പുരുഷാദിനി—മനുഷ്യരെ തിന്നുന്നവൾ
പുഷ്പം—പൂവ്
പുഷ്പാവചയം—പൂവിറുക്കൽ
പൂവിലയൻ—ബ്രഹ്മാവ്
പൊല്പാ—ചീത്തയായ
മകിഴ്—സന്തോഷം
മടന്തൈ—മുഗ്ദ്ധസ്ത്രീ
മിക്ക—മനോഹരമായ
മുനിവ്—കോപം
വാരാകരം—സമുദ്രം
വാറേ—വിധം
വേലിൻനേർമിഴി—വേൽനേർമിഴി ('ഇൻ' ഇടനില. cf ശക്തിയിനാൽ)
ശരവണം—ദർഭ (അമ്മ) ഓടു്
സത്രം—യാഗം
സത്രാംശം—ദേവന്മാർക്കുള്ള യാഗഭാഗം
സമയം—നിശ്ചയം (ഒരു സമയം കൃതം)

★